fullfilling the great commission...

# ദി സോൾ വിന്നർ

THE SOUL WINNER

NOVEMBER 2017 | VOLUME 5 | ISSUE 3    അക്ഷരം ആത്മരക്ഷയ്ക്ക്    വാർത്താപത്രിക

## ചരിത്രത്തിൽ നിന്നും ബിസിയും എഡിയും മാറ്റുന്നു




ലണ്ടൻ: ലോക ചരിത്രത്തിന്റെ രണ്ട് തരം അടയാളപ്പെടുത്തലുകളാണ് എഡി എന്നതും, ബി.സി എന്നതും. ക്രൈസ്തവർ അല്പം അഹങ്കാരത്തോടെ, ക്രിസ്തു എന്ന പേര് ഉച്ചരിക്കാതെ ലോകത്തിൽ ആർക്കും ഒന്നും പറയുവാനും ചെയ്യുവാനും സാധിക്കില്ല എന്ന് പറയുമായിരുന്നു. എന്നാൽ ലണ്ടനിൽ എഡി.ബിസി എന്ന പ്രയോഗം ഇല്ലാതാക്കുവാൻ ശ്രമം ആരംഭിച്ചിരിക്കുന്നു എന്നാണ് വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നത്. ലണ്ടനിലെ ഒരു കോളജിൽ പഠിക്കുന്ന മുസ്ലിം, യഹുദാ വിദ്യാർത്ഥികൾ ഉയർത്തിയ പ്രതിക്ഷേധത്തെ തുടർന്നാണ് , വിദ്യാഭ്യാസ വകുപ്പ് ഏഡി., ബിസി പ്രയോഗം നിർത്തലാക്കാൻ തീരുമാനിച്ചിരിക്കുന്നത്.

ബിസി എന്നാൽ ബി. ഫോർ ക്രൈസ്റ്റ് എന്നും (ക്രിസ്തുവിന് മുമ്പ്) ഏഡി എന്നാൽ. ഡൊമിനി ഇൻ ദ ഇയർ ഓഫ് ദ ലോർഡ്) എന്നുമാണ് അർത്ഥം. ഇങ്ങനെ തങ്ങൾ പഠിക്കാൻ തയ്യാറല്ലാ എന്നും അത് തങ്ങളുടെ മതവിശ്വാസത്തിനെതിരെ ഉള്ള പ്രയോഗമാണെന്നുള്ളതാണ് വിദ്യാർത്ഥികളുടെ വാദം. വിദ്ധ്യാർത്ഥികളുടെ ഈ വാദത്തെ അംഗീകരിച്ചു കൊണ്ട് ക്യാമ്പയിൻ ഓഫ് റിയൽ എഡ്യൂക്കേഷന്റെ ചെയർമാൻ ടിസ് അത് അംഗീകരിച്ച് കൊടുക്കുകയും, ബി.സി പ്രയോഗത്തിന് പകരമായി ബി ഫോർ കോമൺ എന്ന അർത്ഥം വരുന്ന ബി.സി.ഇ എന്നും കോമൺ ഇ എന്ന അർത്ഥം വരുന്ന സി.ഈ എന്ന വാക്കും പുതിയതായി ഉപയോഗിക്കുവാൻ ഉത്തരവിറക്കുകയും ചെയ്തു.

മുസ്ലീം, യഹൂദാ സംഘചനകളുടെ നേതാക്കൾ ഏറെ സന്തോഷത്തോടെ ഈ വാർത്തയെ സ്വീകരിച്ചപ്പോൾ ചരിത്രത്തിനെതിരെയുള്ള വെല്ലുവിളിയാണ് ക്രൈസ്തവ നേതൃത്വം ഇതിനെതിരെ പ്രതികരിച്ചത്.

## ഇറാനിൽ കൂട്ട സ്നാനം



ഇറാൻ: ക്രിസ്ത്യാനികളായിരിക്കുക ഇറാനിൽ ഏറെ ദുഷ്കരവും, അപകടകരവുമായ ഒരു പ്രവൃത്തിയാണ്. ക്രിസ്ത്യാനികളാകുന്നവർക്ക് എതിരെ ഉണ്ടാകുന്ന പീഢനകൾ വളരെ പൈശാചികമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ ഏറെയാണ്. എന്നാൽ സ്നാനപ്പെടുവാൻ അവർക്ക് സാഹചര്യങ്ങൾ അനുകൂലമായിരുന്നില്ല. ഒരു വിധത്തിലും സ്നാനപ്പെടുന്നതിന് അനുകൂലമായ സാഹചര്യങ്ങളും രാജ്യത്ത് നിലവിൽ ഇല്ലാത്തതിൽ ഇറാനിലെ ക്രൈസ്തവർ ഏറെ നിരാശയിലും വേദനയിലും ആയിരുന്നു. ഇതേ തുടർന്ന് രാജ്യത്തിന് പുറത്തും കേന്ദ്രങ്ങളിലുമായി നൂറ് കണക്കിനാളുകൾ സ്നാനപ്പെട്ടതായാണ് സി.ബി.എൽ ന്യൂസ് റിപ്പോർട്ട് ചെയ്തത് യൗവ്വനക്കാരും, പ്രായം ഉള്ളവും ഒരേ പോലെ സ്നാനപ്പെട്ടവരിൽ ഉൾപ്പെടുന്നു. 1994-ൽ സ്നാനപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ട ഒരാളുടെ സഹോദരനും ഈ കൂട്ടത്തിൽപ്പെടും.

## 70 മില്യൺ ബധിരർ! സുവിശേഷം കേട്ടവർ 2%

800 മില്യൺ വരുന്ന ആഗോള ജനസംഖ്യയിൽ 70 മില്യൺ പേരും മൂഖരും ബധിരരുമാണ്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഇതേപോലുള്ള സമൂഹത്തിലേക്ക് ഇറങ്ങി ചെന്ന് സുവിശേഷം അറിയിക്കുക എന്നത് ക്രൈസ്തവ സഭടുടേയും, സംഘടനകളുടെയും പൊതു അജണ്ടയിൽ ഇല്ലാത്താതാണ്. മുഖ്യധാരാ സഭകളും ഒക്കെ തന്നെ പൊതു സമൂഹത്തെ മാത്രം മുന്നിൽ കണ്ട് സുവിശേഷം അറിയിക്കുമ്പോൾ, പാർശ്വവത്ക്കരിക്കപ്പെട്ട ഇതേ പോലുള്ള സമൂഹത്തെ കുറിച്ചുള്ള ഉത്തരവാദിത്വം നാം ഏറ്റെടുക്കാതെ പോകുന്നു എന്നത് യാഥാർത്ഥ്യമാണ്.

അമേരിക്കയിലും, പശ്ചാത്യ രാജ്യങ്ങളിലും ഇവരുടെ ഇടയിൽ മാത്രം പ്രവർത്തിക്കുന്ന സംഘടനകൾ നിലവിലുണ്ട്. ഡെഫ് ബൈബിൾ സൊസൈറ്റി ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ഒരു സംഘടനയാണ്. വൈകല്യമില്ലാത്ത വിശ്വാസികൾ ദാവീദിനെ കുറിച്ചും മോശയെ കുറിച്ചുമൊക്കെ കേൾക്കുകയും പറയുകയും ചെയ്യുമ്പോൾ, ഇവർക്ക് ഇതിനൊന്നും സാധിക്കുന്നില്ല എന്നത് നാം മന:സിലാക്കണം ഇവരിലേക്ക് സുവിശേഷം എത്തിക്കാൻ പൊതു സമൂഹം ഉണരേണ്ടതാണ്.

## നിറവ്യത്യാസത്തിനെതിരെ പാസ്റ്റർ ഗ്ലെൻ ബ്രൂട്ടോ

വിദേശം: പ്രശസ്ത സുവിശേഷകനും, മെഗാചർച്ചിന്റെ പാസ്റ്ററുമായ, ഗ്ലെൻ ബ്രൂട്ടോ വെള്ളക്കാരുടെ നിറവ്യത്യാസത്തിനെതിരെ പ്രതികരിച്ചതിന് വളരെ വൈറലാകുന്നു. കാർലോട്ടേസ് വില്ലെയിൽ നടന്ന റാലിയിലെ കുട്ടികളുടെ സമർപ്പണ ശുശ്രൂഷാവേളയിലായിരുന്നു പാസ്റ്ററുടെ വൈറൽ പ്രസംഗം നടന്നത്. കുട്ടിയെ പ്രതിഷ്ടിക്കാൻ നിന്ന ഒരു കറുത്ത വർഗ്ഗക്കാരന്റെ കരത്തോട് തന്റെ കരം കൂട്ടിച്ചേർത്ത് വച്ചിട്ട്, തന്റേത് പുറമേ വെള്ളക്കളറാണെന്നും, മറ്റേത് കറുത്തതാണെന്നും പറഞ്ഞ പാസ്റ്റർ, തങ്ങളുടെ രണ്ട് പേര്ടെ തൊലി ചെത്തിയാൽ ചുമന്ന കളറായിരിക്കുമെന്നും പറഞ്ഞു അതുകൊണ്ട് വെള്ളക്കാർ കറുത്ത വർഗ്ഗക്കാരോട് കാണിക്കുന്ന നിറവിവേചനം വചന വിരുദ്ധമാണെന്നും, ഇത്തരം മണ്ടൻ ഉപേശങ്ങളെ ക്രൈസ്തവ സമൂഹം പിഴുതുകളയണമെന്നും പാസ്റ്റർ ആവശ്യപ്പെട്ടു.

അമേരിക്ക ഉൾപ്പെടെയുള്ള പാശ്ചാത്യ രാജ്യങ്ങളിൽ വേർപെട്ട ദൈവവചനം നിലനിൽക്കുന്നു എന്ന് ഒരു യാഥാർത്ഥ്യമാണ്.



ഇന്ത്യയിലും എന്തിനേറെ സുവിശേഷത്തിന്റെ പാകപ്പെട്ട കേരളത്തിലും, കളറിന്റേയും പേരിലുള്ള വിവേചനങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. വചന വിരുദ്ധമായ ഈ പ്രപന്നതകളെ സഭകൾ വേരോടെ പിഴുത് മാറ്റി, സുവിശേഷത്തിന്റെ അന്തസത്തായെ ഉയർത്തിപ്പിടിക്കേണ്ടതിന്നും ആഗ്രഹം ദർശിപ്പിച്ചു.

## GRACE HIGHER SECONDARY SCHOOL

SURANA NAGAR, BARWAHA, KHARGONE (DIST), M.P.




### TEACHERS WANTED

Grace Higher Secondary School located at Khargone district, in Madhya Pradesh is an English Medium School under M. P. State Board, managed and run under Soul Winners India Foundation invites application from the qualified teachers to fill the following vacancies:

| |
|---|
| 1. **TEACHERS: From nursary to 12th class** for subject English, Math Matics, Biology, Chemistry, Physics and Computers. |
| 2. **QUALIFICATION:** Higher Secondary School teachers should have a B.Ed qualification while middle school teachers should have a D.Ed qualification. |
| 3. **WARDEN:** For children's home with 40 children. |




Late REV. K. G. EASO (Founder)



SHAJU EASO (Director)

Pastors and theological graduates who are interested to do ministry along with the teaching profession can also apply.
Interested candidates can email their resume at: shajueaso@gmail.com

SHAJU EASO (DIRECTOR) | GRACE HIGHER SECONDARY SCHOOL
SURANA NAHAR | KANDWAHA DIS | MADHYA PRADESH
Email: shajueaso@gmail.com | Phone: 09981671169



THE ONLY WAY WE GAIN THAT HEAVENLY HOME IS BY FOLLOWING THE MESSAGE THAT GOD GAVE, THAT CALLS US TO THAT ROAD WHICH HE HAS GIVEN TO US TO FOLLOW. ARE YOU READY TO START GOING ON THAT ROAD?

A WORD FROM THE PRESIDENT

BRO. DANIEL EASO

# Basics of FAITH

"Now faith is confidence in what we hope for and assurance about what we do not see. This is what the ancients were commended for. By faith we understand that the universe was formed at God's command, so that what is seen was not made out of what was visible." Hebrews 11:1-3

When we look at the idea of what we have as far as a faith that is involved in our life. Why is it that we have that? Is there a foundation for that faith or is it just a leap in the dark? The reason for our faith in Jesus Christ is not something that is founded upon nothingness, it's something that has firm foundation.

There is something unique about Christianity. Christianity and the faith in Jesus Christ and the salvation of our sins does not come from some nothingness, it is not from some vain philosophy, it is based upon history of what actually took place, it is based upon evidence that suggests not only there is a God, but the Bible is His word and Jesus is His son. It is not seen but it is reasoned, it is not something that I can bring down and put into a test tube or bottle, but I can realize that it's evidence exists all around us.

When we talk about the idea of faith, it begins with the fundamental fact and that "God is", if we don't start there we have nothing with regard to Christianity but when we start with that one fundamental fact everything else comes from that. When we look at Psalms 14:1, the psalmist pointed out, "the fool says in his heart, there is no God..." Paul says in Romans 1:20, " For since the creation of the world God's invisible qualities—his eternal power and divine nature—have been clearly seen, being understood from what has been made, so that people are without excuse." We need to understand those two terms which Paul used here, His "eternal power" and "divine nature". "His power" suggests that He exist, when you look at the power that is in this world, all the things that have that great force behind them, the motion that takes place of everything that's there, is held in order by the fine nature of that which is power put in offset with one another. Then you recognize something must be behind that, there is a necessity to find out who is behind this. So, the power that exists in this world points us to someone who is greater than those in this world. But His divinity or "divine nature" also makes the natural realm something that cannot be explained by natural explanation. We see how everything is put in the great order, we recognize the order when we see the things that are of this world, if this earth was little closer to sun- life would not be possible, if it was little farther from sun-life would not be possible. When you see the kind of things that exists in the order of that which exists all around us and the living things, the kind of a design that's there. The design that God has put in bringing everything into this world and making it able to work.

Anytime we see any design, we recognize the fact that there is not a natural explanation for that other than somebody created this. I don't go to my house and figure out that when and what kind of explosion took place here, I recognize that, this house was built by builders who were skilled for that. When you look at and when you see the design, it's simple, it's a rational process that you have to have a designer that is behind that. Hebrew 3:4 says, "…. every house is built by someone…". If every house has a builder then what about the world, how about the universe that we see exist, there must be a builder behind that. The logical conclusion is that there is a designer and a creator, but the designer and creator of sufficient power and wisdom to bring about a world, that's beyond anything like you and me.

Once we realize that there is a God who created all these, and He created me, then we reason that there is not only a God who created all these but God who created all these must have a purpose for me. If everything serves a purpose what's my purpose.

The Bible is the Word of God, and that's the fundamental source through which we find out what is my purpose here on this earth. You are not going to go there and sit outside looking on the stars and find out your purpose, it's not going to happen that way, that's why we have Word of God is for. But how do I know that true God is behind the message of the Bible. When you look at what the Word of God says, it claims a point of inspiration. "All Scripture is God-breathed and is useful for teaching, rebuking, correcting and training in righteousness, so that the servant of God may be thoroughly equipped for every good work." (2 Timothy 3:16-17). Bible is inspired by God, and it's inspired by God to completely furnish us as we need to do. How do we know that Bible is inspired by God? Fulfilled prophecies of Bible are major proof. To foretell events hundreds of years before with 100% accuracy is humanly impossible. Fulfilling of prophecies of Isaiah, Jeremiah, Ezekiel and Daniel are the proof that the Bible is inspired by God. Jeremiah's prophecy of a 70-year captivity and Isaiah's prophecy of Cyrus allowing the Jews to return to Jerusalem to rebuild the temple destroyed by Nebuchadnezzar were also fulfilled down to the last detail. The books of Ezra and Nehemiah record the Jews' return from exile. History of Israel also proves this.

So, yes, we can find that there is a God and yes, we know that His word is there in the Bible. This leads us to a final thing that as His creation, we are subject to God. The laws of this world in a natural sense are that which are controlled by God, He has designed, He has put them in an order and they keep that order and when we recognize that, then we need to understand that we need to follow that order. Where is His order? His order is in the Bible, we can see that because He left the evidence.

When we make the conclusion that there has to be a God and that the Bible gives evidence that it is the inspired Word of God, then it is necessary for us to listen to what that Word tells us to do and it claims absolute ability to guide us. Much of the religious world doesn't believe that the Bible is the inspired Word of God, much of the denominational world has the idea that God put a thought in the mind of an individual and they wrote it down and they might or might not be correct.

Jesus says, in Matthew 28:19, "Therefore go and make disciples of all nations, baptizing them in the name of the Father and of the Son and of the Holy Spirit, and teaching them to obey everything I have commanded you. And surely, I am with you always, to the very end of the age." We are supposed to hear all things that He has commanded, we are to fully obey the Gospel of Jesus Christ. In John 14:23 Word of God says, "Jesus replied, 'Anyone who loves me will obey my teaching. My Father will love them, and we will come to them and make our home with them.'"

Do you want to be right with God? Do you want to have fellowship with God to be together in His acceptance? If so, then what's necessary- to listen to His Word, recognize that He mean for all of it to be obeyed, and then obey it. What happens if we don't do that, in 2 John verse 9, the statement is made, "Anyone who runs ahead and does not continue in the teaching of Christ does not have God; whoever continues in the teaching, has both the Father and the Son." This is what Jesus said, that's exactly what He intends for us to do.

If you've never been one who is been obedient to Jesus Christ then I ask you to understand something, I am not asking you to be obedient to something which has no solid foundation, I am asking you to look at the evidence, look at what is reasonable, God of haven has given us evidence of who He is, He has given us evidence of what His Word is and He has given us evidence of exactly what He intends for us to do. If you have never been baptized into Jesus Christ for the remission of your sins, I ask you to not do that because I said so, I am asking you to do that because Jesus said, "he that believes and is baptized shall be saved" (Mark 16:16). If you've already done that and you've left that place, you gone back into the world, you've done those things which are not right with Him. You know that He exist, you know that the Bible is the Word of God and you know what you supposed to do. You need to repent, you need to pray to God for forgiveness and come back to Him. It's only that way you will go to haven in the end. The concepts of the various doctrines that are preached, it really comes down to something that is not difficult, you don't need a Ph.D., you don't need to be greatly educated to figure it out. You need the Bible. And that Bible declares to you in a very clear way, exactly what it is that you've to do. Do you know what else it declares? It declares that there is a home waiting for us in haven if we will indeed be obedient until end. He by His grace and His mercy has given away for us who are stained by sin and separated from Him to come back into His favor and His fellowship and to be those who will come home eternally one day. Are you longing for that? More than anything in my life I am looking forward for that. The only way we gain that heavenly home is by following the message that God gave, that calls us to that road which He has given to us to follow. Are you ready to start going on that road?



# യേശു ഉയർപ്പിച്ച ലാസർ ഇന്നും ജീവിച്ചിരിക്കുന്നുവോ...?

പീരുമേട് ക്ലീറ്റസ്



ശരീരത്തിന്റെ വീണ്ടെടുപ്പ്, ക്രിസ്തുവിന്റെ രണ്ടാം വരവിലും, ഭൂമിയുടെ വീണ്ടെടുപ്പ് ആയിരമാണ്ട് വാഴ്ച്ചയിലും ആണ് സംഭവിക്കുന്നത്. ഇപ്പോൾ ആത്മാവിന്റെ വീണ്ടെടുപ്പ് മാത്രമാണ് സാധ്യമായിട്ടുള്ളത്. അതുകൊണ്ട് രക്ഷിക്കപ്പെട്ടവരുടെയും, രക്ഷിക്കപ്പെടാത്തവരുടെയും ശരീരത്തിന് സാങ്കേതികമായും, ശാസ്ത്രീയമായും വ്യത്യസ്ഥതകൾ ഒന്നും തന്നെ ഇല്ല.

ബൈബിൾ കഥാപാത്രങ്ങളിലും പുതിയ നിയമ കഥാപാത്രങ്ങളിലും വച്ച് ഏറ്റവും സുപ്രസിദ്ധനായ കഥാപാത്രമാണ് യേശു ഉയർപ്പിച്ച ലാസർ. ഈ കഥാ പാത്രത്തെയും, കഥയേയും കേവലം ബൈബിൾ വിശ്വാസികൾ മാത്രമല്ല അറിയുന്നത്, ക്രൈസ്തവ സമൂഹത്തിന് പുറത്തുള്ളവർക്കും ഏറെ സുപരിചിതമാണ്. യേശു ഉയർപ്പിച്ച ലാസറിനെ കുറിച്ച് കേൾക്കുവാനും അറിയുവാനും വയനക്കാർക്ക് പ്രത്യേക ജിജ്ഞാസ ഉണ്ടാകും എന്ന് ഞാൻ കരുതുന്നില്ല. എങ്കിലും ലാസറിനെ കുറിച്ച് അറിയുവാൻ ആഗ്രഹിക്കുന്ന ഏവരേയും ഈ അവസരത്തിൽ ഞാൻ ബഹുമാനിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.യേശു ഉയർപ്പിച്ച ലാസർ ഇന്നും ജീവിച്ചിരിപ്പുണ്ടോ എന്നുള്ളതാണല്ലോ നമ്മുടെ ചർച്ചാ വിഷയം. പ്രഥമ ദൃഷ്ടിയിൽ ഈ ശിർകം എത്രത്തോളം പ്രസക്തമാണെന്ന ചോദ്യം ഉയരും. അതുകൊണ്ട് തന്നെ ശീർഷം എന്താണെന്ന് വായനക്കാരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. യേശു ചെയ്ത അത്ഭുതങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവമായിരുന്നല്ലോ ലാസറിന്റേത്. ഇത് യേശു ചെയ്ത ഒരു അത്ഭുതമായിരുന്നു. മരിച്ച്, അടക്കപ്പെട്ട്, നാലാം ദിവസം നാറ്റം വെച്ച അവസ്ഥയിൽ നിന്നുമാണല്ലോ, ലാസറിനെ യേശു ഉയർപ്പിച്ചത്. ഈ ലാസർ ഇന്നും ജീവിച്ചിരിപ്പുണ്ടോ എന്നാണ് ഞാൻ ഇവിടെ ചോദിച്ചത്? ഈ ചോദ്യം ഇവിടെ ഉദ്ധരിക്കാൻ കാരണം ഇവിടെ ലാസറിനെ ഉയർപ്പിച്ചു എന്നതാണോ ഏറ്റവും പ്രധാന്യമർഹിക്കുന്നത്, അതോ ലാസറിനെ ഉയർപ്പിച്ച യേശു ഇന്നും ജീവിച്ചിരിക്കുന്നു എന്നതാണോ? ഈ ചിന്ത ചർച്ച ചെയ്യുമ്പോൾ നാം ഒരു ആത്മ പരിശോധനയ്ക്ക് കൂടി തയ്യാറാവണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. കാരണം ഇന്ന് അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും മാത്രം പ്രാധാന്യമുള്ള ഒരു സ്ഥിതി വിശേഷമാണ് നമുക്ക് ചുറ്റും കാണാൻ സാധിക്കുന്നത്. ഇത് വിശദീകരിക്കുവാൻ ഞാൻ മുതിരുന്നില്ല. അതായത് കേവലം അത്ഭുതങ്ങൾക്കും, അടയാളങ്ങൾക്കും മാത്രം പ്രാധാന്യം നൽകുന്ന ഒരു സ്ഥിതി വിശേഷം ഉണ്ട്. ഇത് ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ വയനക്കരുമായി പങ്ക് വയ്ക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. നാം ചർച്ച ചെയ്യുന്ന വിഷയത്തിന് അനേകം മാനങ്ങൾ ഉണ്ട്. അതുകൊണ്ട് ചുരുക്കത്തിൽ ഇത് അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്.

ഇന്ന് ലാസറിനെ ഉയർപ്പിച്ച ക്രിസ്തുവിനേക്കാൾ, ലാസറിനെ ഉയർത്തുന്ന ആശയ സംവാദങ്ങളും, പ്രസംഗങ്ങളുമാണ് നമുക്ക് കാണുവാൻ കഴിയുന്നത്. യേശു ലാസറിനെ ഉയർപ്പിച്ചു എന്നത് ഒരു യഥാർത്ഥ്യമാണ് യേശുവിന്റെ ഈ അത്ഭുതം ഇന്നത്തെ എല്ലാ തലമുറയിലും വളരെ വളരെ പ്രസിദ്ധമാണ്. ദൈവവചനം പ്രസംഗിക്കുന്ന പലരും യേശു ഉയർപ്പിച്ച ലാസർ ഇന്നും ജിവിച്ചിരിക്കുന്നു എന്ന് ധ്വനി വരുന്ന രീതിയിലാണ് വിഷയം അവതരിപ്പിക്കുന്നത്. ഉദാഹരണമായി പറഞ്ഞാൽ യേശുവിന്റെ അടുക്കൽ വന്നാൽ പിന്നെ ഈ ഭൂമിയിൽ യാതൊരു പ്രശ്നങ്ങളും ഉണ്ടാകയില്ല. യേശു രോഗത്തിന് സൗഖ്യം നൽകും പിന്നീടൊരിക്കലും രോഗം വരുകയില്ല. യേശു ഇന്നത്തെ കണ്ണുനീർ മാറ്റി തരും പിന്നീട് ഒരിക്കലും കരയേണ്ടി വരില്ല. യേശു സാമ്പത്തീക പ്രശ്നങ്ങൾ പരിഹരിച്ച് തരും. പിന്നീട് ഭൂമിയിൽ യാതൊരുവിധ സാമ്പത്തീക ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. ഈ നിലകളിലാണ് ഇന്നത്തെ പ്രസംഗവും, വചന വ്യാഖ്യാനവുമെല്ലാം. ഇത് യേശുവിന്റെ അധികാരത്തേയും ശക്തിയേയും ജനത്തിന് ഉറപ്പ് വരുത്താനാണ് ഒരു പക്ഷെ പറയുന്നതെങ്കിലും ഈ വ്യാഖ്യാനത്തിൽ ജനം തിരിച്ചറിയാതെ പോകുന്ന ഒരു വചന സത്യമുണ്ട്, ദൈവ വചനം പഠിക്കുമ്പോൾ മൂന്ന് തരം വീണ്ടെടുപ്പുകൾ ആണ് ഉള്ളത് ഒന്ന് ശരീരത്തിന്റെ, രണ്ട് ആത്മാവിന്റെ മൂന്ന് ഭൂമിയുടെ. എന്തുകൊണ്ടാണ് ശരീരം, ആത്മാവ്, ഭൂമി എന്നിവയുടെ വീണ്ടെടുപ്പ് എന്ന് പറയുന്നത്. മനുഷ്യന്റെ പാപത്തിന്റെ ഫലമായി ശരീരം, ആത്മാവ്, ഭൂമി എന്നീ മൂന്ന് ഇടങ്ങളിൽ പാപത്തിന്റെ ശാപം ഏറ്റു. മനുഷ്യൻ പാപം ചെയ്തതിന് തൊട്ട് അടുത്തെ സമയം മുതൽ പാപപരിഹാരത്തിനായുള്ള പ്രായശ്ചിത്ത പദ്ധതികൾ ദൈവം ചെയ്തുവെങ്കിലും അതൊന്നും മനുഷ്യന്റെ പാപ പരിഹാരത്തിന് ഉപയുക്തമായില്ല. ഒടുവിൽ ദൈവം തന്നെ മനുഷ്യനായി വന്ന് കാൽവറിയിൽ ക്രിസ്തു നൽകിയ പാപപരിഹാരം ആയിരുന്നു മനുഷ്യനെ പ്രയോജനകരമായത് ക്രിസ്തു യേശുവിലൂടെ ഉണ്ടായ പരിഹാരം കേവലം ആത്മാവിന് മാത്രമാണ് ലഭിച്ചത്. ശരീരത്തിനും, ഭൂമിക്കും ഇതുവരെ വീണ്ടെടുപ്പ് ലഭിച്ചിട്ടില്ല.

ശരീരത്തിന്റെ വീണ്ടെടുപ്പ്, ക്രിസ്തുവിന്റെ രണ്ടാം വരവിലും, ഭൂമിയുടെ വീണ്ടെടുപ്പ് ആയിരമാണ്ട് വാഴ്ച്ചയിലും ആണ് സംഭവിക്കുന്നത്. ഇപ്പോൾ ആത്മാവിന്റെ വീണ്ടെടുപ്പ് മാത്രമാണ് സാധ്യമായിട്ടുള്ളത്. അതുകൊണ്ട് രക്ഷിക്കപ്പെട്ടവരുടെയും, രക്ഷിക്കപ്പെടാത്തവരുടെയും ശരീരത്തിന് സാങ്കേതികമായും, ശാസ്ത്രീയമായും വ്യത്യസ്ഥതകൾ ഒന്നും തന്നെ ഇല്ല. രക്ഷിക്കപ്പെട്ടവരുടെ ശരീരത്തിന്റെ പ്രത്യേകതയായ് നമുക്ക് കാണുവാൻ കഴിയുന്നത്, വീണ്ടെടുപ്പ് പ്രാപിച്ച ആത്മാവ് അതിവസിക്കുന്ന ഒരു ശരീരം ഉണ്ട് എന്ന് പ്രത്യേകത മാത്രമാണ് ഉള്ളത്. ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസികൾ ഭൂമിയിൽ ജീവിച്ചിരിക്കും കാലത്തോളം, ശരീരത്തിൽ പാപത്തിന്റെ പരിണിതഫലമായ രോഗവും, ദുഃഖവും, വ്യാധിയും, ആധിയുമെല്ലാം അനുഭവിച്ചേ മതിയാകു. നമ്മേ മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥനാക്കുന്ന ഏക ഘടകം നാം ഈ ആയുസിൽ മാത്രം പ്രത്യാശവെയ്ക്കുന്ന മറ്റുള്ള വരെ പോലെ യല്ല. തീർച്ചയായും നമ്മുടെ വിശ്വാസവും, പ്രാർത്ഥന യുമെല്ലാം പരിഗണിച്ച് രോഗം ഉൾപ്പടെ എല്ലാവിഷയത്തിലും ദൈവം പരിഹാരം നൽകുമെങ്കിലും വീണ്ടും ഈ വക പ്രശ്നങ്ങൾ ആവർത്തിച്ചു എന്ന് വരാം. അതുകൊണ്ടാണ് ഞാൻ ചോദിച്ചത് ലാസർ ഇന്നും ജീവിച്ചിരിപ്പുണ്ടോ എന്ന്. ഇല്ലാ എന്ന് നമുക്കറിയാം എന്തേ യേശു ഉയർപ്പിച്ചതല്ലേ പിന്നീട് മരിക്കുമോ? തീർച്ചയായും ലാസർ രണ്ടാമതും മരിച്ചു. പക്ഷെ ലാസറിനെ ഉയർപ്പിച്ച യേശു ഇന്നും ജീവിക്കുന്നു. അതുകൊണ്ട് നാം എത്ര വിശുദ്ധിയിൽ ജീവിച്ചാലും പാപത്തിന്റെ പരിണിതഫലം ശരീരത്തിൽ അനുഭവിച്ചേ മതിയാകു. അതുകൊണ്ട് വായനക്കാർ ആരെങ്കിലും ഇന്ന് രോഗികളും കഷ്ടപ്പെടുന്നവരുമായി ഉണ്ടെങ്കിൽ അത് ഈ ശരീരത്തിൽ നാം അനുഭവിക്കാൻ വിധിക്കപ്പെട്ടവരാണ്. എന്നാൽ നമുക്ക് സമയാസമയത്ത് ആവശ്യമുള്ളതെല്ലാം ദൈവം തന്ന് നമ്മെ വഴി നടത്തും. ഇത് ഒന്നും ഇല്ലാത്ത ഒരു അവസ്ഥ നമുക്ക് സ്വർഗ്ഗത്തിൽ മാത്രമേ ലഭിക്കുകയുള്ളു അതുകൊണ്ടാണല്ലേ ദൂതൻ പാടിയത്.

കഷ്ടത പട്ടിണി ഇല്ലാത്ത രാജ്യത്തിൽ എന്നു ചേരുമോ? നമുക്കും പാടി ആശ്വസിക്കാം.




# ആശയവിനിമയമില്ലാത്ത കുടുംബം

## ശിംശോനും ഫെലിസും

**സംസാരത്തിൽ കൂടെ പല തെറ്റിദ്ധാരണകൾ ഉണ്ടാകാറുണ്ട്. പ്രത്യേകിച്ച് ഈ കാലങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾക്ക് പല അർത്ഥങ്ങളുണ്ട്. നാം പറയുന്ന രീതിയിലായിരിക്കില്ല മറ്റുള്ളവർ മനസ്സിലാക്കുന്നത്. അങ്ങനെ വന്നാൽ തെറ്റിദ്ധാരണകൾക്കിടയാകും. തെറ്റിദ്ധരിക്കപ്പെട്ട കഥകൾ ചുറ്റുപാടുമുള്ളവർ കേൾക്കുന്നു. കുടുംബം പ്രശ്നത്തിലാകുന്നു.**

**വേദഭാഗം**
**ന്യായ. 14:16–20**



**റവ. തോമസ് പി കോര**

എല്ലാവരും ശിംശോന്റെ ഭാര്യ ആര് എന്ന ചോദ്യത്തിന് ദലീല എന്നു മറുപടി പറയും. ശിംശോന് ഫെലിസ് എന്നൊരു ഭാര്യ വേദപുസ്തകത്തിൽ ഇല്ലല്ലോ. പിന്നെ ഫെലിസ് എന്ന് എങ്ങനെ എഴുതും. ശിംശോന്റെ ഭാര്യയുടെ പേര് വേദപുസ്തകത്തിൽ എഴുതിയിട്ടില്ല. അങ്ങനെയെങ്കിൽ ദലീല ആരാണ്? ശിംശോനെ ചതിക്കാനായി ഫെലിസ്ത്യർ ഒരുക്കിയ ഒരു കെണിയായിരുന്നു ദലീല എന്ന സ്ത്രീ. അവർ ഭാര്യാ ഭർത്താക്കന്മാരെപ്പോലെ ജീവിച്ചു. ശിംശോൻ ഒരു ഫെലിസ്ത്യ സ്ത്രീയെ (ഫെലിസ്) വിവാഹം ചെയ്യുന്നതിന് ശിംശോന്റെ മാതാപിതാക്കൾക്ക് യാതൊരു താല്പര്യവുമില്ലായിരുന്നു. ശിംശോന്റെ മാതാവും പിതാവും ആ വിവാഹം തടഞ്ഞപ്പോൾ ശിംശോൻ പറഞ്ഞു എനിക്കവളെ ബോധിച്ചിരിക്കുന്നു അവളുടെ സൗന്ദര്യവും, വടിവൊത്ത ശരീരവും എല്ലാം വളരെ നന്നായിരിക്കുന്നു എന്നാൽ അതൊരു പ്രേമവിവാഹം അല്ലായിരുന്നു. 7–ാം വാക്യത്തിൽ അവൻ അവളോട് സംസാരിച്ചു. അവൻ അവളെ ബോധിച്ചു. അതിനു മുൻപ് സംസാരിച്ചിട്ടില്ല എന്ന് അർത്ഥമാക്കാം അവളുടെ സംസാരരീതി അവനെ ആകൃഷ്ടനാക്കിയിട്ടുണ്ടാകാം. ശിംശോൻ നാസീർ വ്യതക്കാരൻ, ജീവനുള്ള ദൈവത്തെ ആരാധിക്കുന്നവൻ. യിസ്രായേല്യരുടെ ഏറ്റവും വലിയ ശത്രുക്കളാണ് ഫെലിസ്ത്യർ. ശിംശോൻ നാസീർ വ്യതക്കാരനായി ജീവിക്കണമെന്നത് ദൈവകല്പ്പനയായിരുന്നു. നാസീർ വ്യതം ശിംശോൻ ലംഘിച്ചു. ശിംശോനെ അമ്മ ദൈവത്തിനു വേണ്ടി സമർപ്പിച്ചതാണ്. അതുപോലെ ശമുവേൽ ബാലനെ ദൈവത്തിനുവേണ്ടി സമർപ്പിച്ചതാണ്. അവൻ ജീവപര്യന്തം യഹോവക്കു നിവേദിതനായിരിക്കും (1ശമു. 11:28). ശിംശോന്റെ ജീവിതം അങ്ങനെയല്ലായിരുന്നു. കുടുംബജീവിതം ആരംഭിക്കണമെന്ന് തോന്നി ശിംശോന് ബോധിച്ച ഒരു പെൺകുട്ടിയെ വിവാഹം ചെയ്തു. ഒരു ദൈവവിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള കുടുംബബന്ധം. കുടുംബക്കാർ ആരും യോജിച്ചില്ലെങ്കിലും വിവാഹത്തിനു എത്തി. കല്യാണം എല്ലാം ക്രമീകരിച്ചത് ഫെലിസ്ത്യരാണ്. അന്യമതസ്ഥരിൽ നിന്നു തെരഞ്ഞെടുത്തത് ആർക്കും ഇഷ്ടപ്പെട്ടില്ല. ശിംശോന്റെ കുടുംബജീവിതം, ആരംഭത്തിലെ പൊളിഞ്ഞുപോയി. ഭാര്യയുടെ അവിശ്വസ്തത ഭയത്തിൽ നിന്ന് വന്നു. ഭർത്താവിനെക്കാളുപരി മാതാപിതാക്കളെ സ്നേഹിച്ചു. നാട്ടുകാരുടെ ഭീഷണിയിൽ അവൾ ഒരു ഭീരുവായി മാറി. അവരുടെ ജീവിതവും, തോൽവികളും, കാരണങ്ങളും എന്താണെന്ന് നോക്കാം.

**1. ആശയവിനിമയക്കുറവ്**

ശിംശോനും, ഭാര്യയും ആശയവിനിമയത്തിൽ പിന്നോട്ടായിരുന്നു. ശിംശോന് കോപം ജ്വലിക്കുമ്പോൾ അവന്റെ വഴിയും അവളുടെ സ്നേഹം നടിച്ച ചതിപ്രയോഗവും വിനിമയത്തിനു തടസ്സമായിരുന്നു. അത് അവരുടെ കുടുംബത്തെ ആകെ ആടിയുലച്ചു. കുടുംബജീവിതത്തിന്റെ വിജയം അന്യോന്യമുള്ള ആശയവിനിമയമാണ്. പ്രയാസങ്ങൾ പറഞ്ഞു ക്രമപ്പെടുത്തണം. തുറന്നു സംസാരിക്കണം. ഭയം കുടുംബജീവിതത്തിനു ഒട്ടും അനിവാര്യമല്ല. ഒരു മനുഷ്യനും വേർപിക്കാത്തവണ്ണം ഒന്നായിതീർന്നവരാണ് ഭാര്യാഭർത്താക്കൾ, വിവാഹം കഴിയുന്ന ഭാര്യാഭർത്താക്കന്മാർക്ക് ആശയവിനിമയത്തിലൂടെ മാത്രമേ മനസ്സിനെ യോജിപ്പിക്കാൻ കഴിയൂ. ശരിയായ ആശയവിനിമയം ഇല്ലങ്കിൽ ജീവിതത്തൽ എന്തോ തകരാറുപറ്റി എന്നതിനു സംശയമില്ല.

**2. അനാവശ്യമായ സംസാരം**

വിവാഹത്തിന് എത്തിയ ശിംശോൻ ഫെലിസ്ത്യരുമായി ഇണയില്ലാപിണകൂടി ബന്ധം ഉറപ്പിക്കാൻ ശ്രമിച്ചു. അതിനു ദേശക്കാരോട് കാര്യമായ തമാശരൂപത്തിൽ കടം ചോദിച്ചു. ശിംശോൻ ചോദിച്ച കടത്തിനു മറുപടി പറയാൻ ഫെലിസ്ത്യർക്കു കഴിഞ്ഞില്ല. അതിന്റെ പ്രതിഫലം മുപ്പതു ഉള്ളങ്കിയും മുപ്പതു വിശേഷവസ്ത്രവും താരാമെന്ന് പറഞ്ഞു. ചോദിച്ച ചോദ്യത്തിനു ഉത്തരം പറയുവാൻ ദേശക്കാരെല്ലാം ശ്രമിച്ചു. പക്ഷേ കഴിഞ്ഞില്ല. ഉത്തരം പറഞ്ഞില്ലെങ്കിൽ ഇത്രയും വസ്ത്രം മടക്കി കൊടുക്കണം. ഫെലിസ്ത്യർ ഒറ്റവഴിയേ അതിനു കണ്ടുള്ളു. ഫെലിസ്ത്യദേശക്കാരിയായ ഭാര്യയെ വശത്താക്കി. അവളെ ഭീക്ഷണിപ്പെടുത്തി ഏഴാം ദിവസം ഉത്തരം ശിംശോനിൽ നിന്നുതന്നെ വാങ്ങി അവൾ അത് ഫെലിസ്ത്യർക്കു കൈമാറി. ശിംശോന് അത് മനസ്സിലായി ഭാര്യയെ വശികരിച്ച് തന്റെ ചോദ്യത്തിനു ഉത്തരം അവർ വാങ്ങിയതാണെന്ന്. അതിന്റെ തിക്തഫലം അവർ അനുഭവിച്ചു.

അനാവശ്യമായ സംസാരം, ബന്ധം, കൂട്ടായ്മ അപകടമാണ്. ശിംശോന്റെ ഭാര്യ തന്റെ ഭർത്താവിന്റെ കഴിവ് ആശയവിനിമയകുറവിനാൽ മനസ്സിലാക്കിയില്ല. ശിംശോന്റെ അനാവശ്യമായ കൂട്ടുകെട്ട് പ്രശ്നം വിളിച്ചുവരുത്തി. അനാവശ്യ സംസാരവും, പന്തയവും സമൂഹവുമായുള്ള ബന്ധം കൂടുതൽ വഷളാക്കി. ശിംശോന്റെ സാഹചര്യം അവൻ മറന്നു. ഭാര്യ ഭർത്താവിനേക്കാൾ അധികം ഫെലിസ്ത്യരെ വിശ്വസിച്ചു.അത് അവരുടെ കുടുംബജിവിതം തകർത്തു. സ്വന്തജനത്തെ അവൾ ഭയപ്പെടേണ്ട സാഹചര്യം ഭർത്താവുണ്ടാക്കി.

1. ഭാര്യമാരിൽ അനാവശ്യമായി ചുറ്റുപാടുമുള്ളവരോട് ഭർത്താവിനെ കുറ്റപ്പെടുത്തുകയും, അവരുടെ രഹസ്യ, പരസ്യ ജീവിതത്തിലെ കുറവുകൾ വിളിച്ചു പറയുകയും ചെയ്യുന്നവർ ഇക്കാലത്തുണ്ട്. മലർന്നു കിടന്നു തുപ്പിയാൽ ഉണ്ടാകുന്ന ഫലം സംഭവിക്കും. എന്തിന് കുടുംബത്തെ തകർക്കണം. പുരുഷന്മാരും ഭാര്യമാരും കുറവുകൾ വിളിച്ചു പറയുന്നു. അനാവശ്യമായ സംസാരം കുടുംബ ജീവിതത്തിൽ നിന്ന് ഒഴിവാക്കണം. കുടുംബരഹസ്യങ്ങൾ ഒരു കാരണവശാലും മറ്റുള്ളവർ അറിയരുത്. വിമർശനക്കാരായ കൂട്ടുകാരും, കുടുംബക്കാരും ഉണ്ടാകും. അവരുടെ മുമ്പിൽ ഒരു കാരവശാലും വേണ്ടതോ, വേണ്ടാത്തതോ ആയ കുടുംബകാര്യങ്ങൾ പറയരുത്. നിങ്ങളുടെ കുടുംബം തകർന്നു പോകും.

2. സംസാരത്തിൽ കൂടെ പല തെറ്റിദ്ധാരണകൾ ഉണ്ടാകാറുണ്ട്. പ്രത്യേകിച്ച് ഈ കാലങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾക്ക് പല അർത്ഥങ്ങളുണ്ട്. നാം പറയുന്ന രീതിയിലായിരിക്കില്ല മറ്റുള്ളവർ മനസ്സിലാക്കുന്നത്. അങ്ങനെ വന്നാൽ തെറ്റിദ്ധാരണകൾക്കിടയാകും. തെറ്റിദ്ധരിക്കപ്പെട്ട കഥകൾ ചുറ്റുപാടുമുള്ളവർ കേൾക്കുന്നു. കുടുംബം പ്രശ്നത്തിലാകുന്നു.

3. ഭാര്യഭർത്താക്കന്മാർ പരസ്പരധാരണയില്ലാതെ ആംഗ്യഭാഷകൾ ഉപയോഗിക്കുന്നു. ആംഗ്യഭാഷ പ്രശ്നം ഉണ്ടാക്കാം. ശരീരം ഭാഷ മാറ്റുന്നു. ശബ്ദം ഭാഷ മാറ്റുന്നു. ആംഗ്യഭാഷയ്ക്ക് സംസാരഭാഷയേക്കാൾ ശക്തിയുണ്ട്.

4. ചില ഭാര്യാഭർത്താക്കന്മാർക്ക് പ്രശ്നങ്ങളെ അഭിമുഖികരിക്കുവാൻ വളരെ പ്രയാസമാണ്. ഭയപ്പെട്ടു ജീവിതത്തെ നേരിടുന്നു. പ്രശ്നത്തിൽ നിന്നും ഒഴിഞ്ഞു മാറേണ്ട ആവശ്യമില്ല. പ്രശ്നത്തെ ധൈര്യമായി നേരിടണം. പ്രശ്നങ്ങൾ ജീവിതത്തിലെ ഒരു ഉപരിവിപ്ലവമായി കാണുക. ചിലർ സമാധാനം ആഗ്രഹിക്കുന്നവരാണ്. അതുകൊണ്ട് നിശ്ശബ്ദരായിരിപ്പാൻ ആഗ്രഹിക്കുന്നു. അതു തെറ്റായ രീതിയാണ് സമാധാനം ആവശ്യമാണെങ്കിലും ശബ്ദം ഉയർത്തേണ്ട സാഹചര്യങ്ങളിൽ ശബ്ദം ഉയർത്തിയില്ലെങ്കിൽ പലകാര്യങ്ങളിൽ മുതലെടുപ്പുണ്ടാകും.

5. കുടുംബജിവിതത്തിൽ അന്യോന്യം ഉപദേശിക്കേണ്ട ആവശ്യമുണ്ടോ? ഉണ്ട്. പ്രശ്നങ്ങളെ നേരിടാൻ ഉപദേശങ്ങൾക്ക് വളരെ ശക്തിയുണ്ട്. ചിലപ്പോൾ സങ്കീർണ്ണമായ പ്രശ്നമാകാം. അന്യോന്യം ഉപദേശിക്കാൻ ഭയമാണ് സങ്കീർണ്ണമായ പ്രശ്നം ഉപദേശങ്ങളിൽ കൂടി വളരെ ലളിതമാക്കാം.രണ്ടുപേരും അന്യോന്യം അംഗീകരിച്ചെങ്കിലേ കഴിയു. ശരിയേത് തെറ്റേത് എന്നു രണ്ടുപേരും ചിന്തിക്കണം പ്രശ്നങ്ങളിൽ ഭയപ്പെടേണ്ട ആവശ്യമേ ഇല്ല.

**വേദഭാഗം**
**മത്തായി 13.44**

സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിക്കു തുല്യമാകുന്നു. അതു കണ്ടെത്തിയ മനുഷ്യൻ അതു മറച്ചു വയ്ക്കുകയും സന്തോഷത്തോടെ പോയി തനിക്കുള്ള തെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും ചെയ്യുന്നു.

നിധി മണ്ണിൽ ഒളിച്ചു സൂക്ഷിക്കുക. പാശ്ചാത്യ മനസ്സിനു തീരെ അസംഭവ്യമായിതോന്നാവുന്ന കാര്യമാണ് ഈ ഉപമയിൽ പറയുന്നത്. പക്ഷേ, പാലസ്തീൻ ഉൾപ്പെടെയുള്ള പൗരസ്ത്യനാടുകളിൽ ഇതൊരു സാധാരണ കാര്യമായിരുന്നു. ഭരണപരമായ അസ്ഥിരതയും യുദ്ധങ്ങളും മൂലം സുരക്ഷിതത്വമില്ലാത്തവയായിരുന്ന, പൗരസ്ത്യ രാജ്യങ്ങൾ. അവിടെ എപ്പോൾ വേണമെങ്കിലും വീടുകൾ കൊള്ളയടിക്കപ്പെടാമായിരുന്നു. അതുകൊണ്ട്, സാധാരണക്കാരന്റെ ഭദ്രമായ നിക്ഷേപസ്ഥാനം ഭൂമിയായിരുന്നു. പലരും സ്വത്ത് മൂന്നായി പങ്കുവയ്ക്കുന്നു. ഒരു പങ്ക് അനുദിനാവശ്യങ്ങൾക്കും വ്യാപരത്തിനുമായി പണമായിത്തന്നെ കൈവശം വയ്ക്കും. മറ്റൊരു പങ്ക് രത്നങ്ങളാക്കി മാറ്റും. കരുതൽ ധനമായി കൂടെക്കൊണ്ടുപോകാൻ എളുപ്പത്തിനു വേണ്ടി മൂന്നാമത്തെ പങ്ക് മണ്ണിൽ കുഴിച്ചിടുന്നു, സുരക്ഷിതാർത്ഥം. സൗകര്യം പോലെ വേണ്ടപ്പോൾ എടുക്കാമെന്ന പ്രതീക്ഷയിൽ. ഒരു താലന്തു ലഭിച്ച ഭൃത്യൻ അതു നിലത്തു കുഴിച്ചുവച്ചു സൂക്ഷിച്ച കാര്യം താലന്തുകളുടെ ഉപമയിൽ യേശു പറയുന്നത് ഓർക്കുക (മത്തായി 25:14-27) ഈ രീതി അറിയാവുന്നവർ നിധി തേടി നടന്നിരുന്നു. എളുപ്പം സമ്പന്നരാകാൻ വേണ്ടി. നിധി തേടുന്നവരുടെ കഥ ജോബിന്റെ പുസ്തകത്തിലും (3:21) സുഭാഷിതങ്ങളിലും (2:4) നമ്മൾ വായിക്കുന്നുണ്ടല്ലോ. നിധി മണ്ണിൽ കുഴിച്ചു സൂക്ഷിക്കുന്ന രീതി നമ്മുടെ നാട്ടിലും ഉണ്ടായിരുന്നു. നിധി കിട്ടിയവരുടെ കഥകൾ മുതിർന്ന തലമുറ ചിലപ്പോഴെങ്കിലും പറയുന്നത് നമ്മൾ കേട്ടിട്ടുണ്ട്.

**നിധി കണ്ടെത്തിയ മനുഷ്യൻ:** ഈ ഉപമയിൽ നിധി കണ്ടെത്തിയ മനുഷ്യൻ ഒരു കൂലിവേലക്കാരനായിരുന്നു എന്നു തോന്നുന്നു. അയാൾ വയലിൽ പണിയെടുക്കുമ്പോഴാണ് നിധി കണ്ടെത്തിയത്. അക്കാര്യം അയാൾ ഉടമസ്ഥനിൽ നിന്നു മറച്ചുവച്ചു. എന്നിട്ട് തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും അങ്ങനെ നിധി സ്വന്തമാക്കുകയും ചെയ്തു. അയാളുടെ പ്രവൃത്തി തെറ്റല്ലേ എന്ന നമ്മുടെ ചിന്ത ശരി തന്നെ അന്നത്തെ നിയമം അതംഗീകരിച്ചിരുന്നു. താൽമൂദ്പ്രകാരം ചിതറിക്കിടക്കുന്ന പഴങ്ങളും പണവും മറ്റും കണ്ടു കിട്ടുന്നവന് സ്വന്തമാക്കാം. നമ്മളിവിടെ ഈ പ്രവൃത്തിയുടെ ധാർമ്മികതയെക്കുറിച്ചല്ല ചിന്തിക്കുന്നത്. ഉപമയുടെ ഉദ്ദേശ്യവും അതല്ലേ. ഇത്തരം കഥകൾ അന്നു സാധാരണമായി പറഞ്ഞുവന്നവയാണ്. അവയിൽ കേൾവിക്കാർ പ്രതീക്ഷിക്കാത്ത വിധത്തിലുള്ള ചില വ്യതിയാനങ്ങൾ വരുത്തി കാതലായ ഒരാശയത്തിലേക്ക് അവരുടെ മനസ്സിനെ നയിക്കുകയായിരുന്നു, യേശു ചെയ്തത്. അവിശ്വസ്തനായ കാര്യസ്ഥന്റെയും (ലൂക്ക 16:1-8) നീതിയില്ലാത്ത ന്യായാധിപന്റെയും (ലൂക്ക 18: 1-8) ഉപമകൾ ഓർക്കുക. അവിശ്വസ്ഥനായ കാര്യസ്ഥനെ പല കാര്യത്തിലും മാതൃകയാക്കിക്കൂടെങ്കിലും ഒരു കാര്യത്തിൽ അങ്ങനെയാകാമെന്ന് യേശു പറയുന്നു. അതുപോലെ, നീതിയില്ലാത്ത ന്യായാധിപൻ ഒരു കാര്യത്തിൽ ദൈവോചിതം പെരുമാറുന്നത് അവിടുന്നു ചൂണ്ടിക്കാണിക്കുന്നു. നിധിയുടെ ഈ ഉപമയിലും ഒരു കാര്യത്തിൽ ആ വേലക്കാരനെ മാതൃകയാക്കൂ എന്നാണ് യേശു ആവശ്യപ്പെടുന്നത്. അല്ലാതെ എല്ലാക്കാര്യങ്ങളിലും അയാളെ മാതൃകാപുരുഷനാക്കാനല്ല.



# നിധി

**അഴിഞ്ഞുപോകാത്ത ശാശ്വതസമ്പത്ത് സ്വന്തമാക്കാൻ എന്തുതന്നെ ത്യജിക്കാനും നമ്മൾ സന്നദ്ധരാകേണ്ടതല്ലേ...?**



റെയ്ച്ചൽ ഡാനിയേൽ

**ദൈവരാജ്യം വ്യക്തിനിഷ്ഠമായ വീക്ഷണത്തിൽ:**

കടുകുമണിയുടെ ഉപമയിൽ ആകാശപ്പറവകൾ ആ ചെടിയിൽ ചേക്കേറുന്നു എന്നും, പുളിമാവിന്റെ ഉപമയിൽ പിണ്ഡം മുഴുവനും പുളിക്കുന്നുവെന്നും പറയുകവഴി ദൈവരാജ്യത്തിന്റെ വിശ്വവ്യാപകത്വം(Universal aspect) അവതരിപ്പിക്കുകയാണ്, യേശു ചെയ്യുന്നത്. നിധിയുടെയും രത്നത്തിന്റെയും ഉപമകൾവഴി ദൈവരാജ്യത്തെ വ്യക്തിപരമായ കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്നു. മാത്രമല്ല, ദൈവരാജ്യം സ്വന്തമാക്കുന്നവന്റെ അനുഭവമെന്തെന്നും,

**യാദൃച്ഛികമായ കണ്ടെത്തൽ:** ഈ ഉപമയിലെ മനുഷ്യൻ നിധി കണ്ടെത്തുന്നത് തീർത്തും യാദൃച്ഛികമായിട്ടാണ് എന്നതു ശ്രദ്ധിക്കണം. തൊട്ടടുത്ത് വരുന്ന രത്നത്തിന്റെ ഉപമയിൽ വ്യാപാരി അന്വേഷിച്ചലഞ്ഞ് ഒടുവിൽ അതു കണ്ടെത്തുകയാണ്. ഓരോരോരുത്തരും വ്യത്യസ്തമാർഗ്ഗങ്ങളിലൂടെയാണ് സ്വായത്തമാക്കുന്നത് എന്ന് ഈ ഉപമകൾ പഠിപ്പിക്കുന്നു. വി. പൗലോസ് യാദൃശ്ചികമായി സ്വർഗ്ഗരാജ്യം കണ്ടെടുത്ത മനുഷ്യനാണ്. അപ്പസ്തോലപ്രവർത്തികൾ ഒമ്പതാമദ്ധ്യായത്തിൽ ആ കഥ നാം വായിക്കുന്നു. യാക്കോബിന്റെ കിണറ്റിനരികിൽ വെള്ളം കോരാൻ വന്ന സമരിയാക്കാരി സ്ത്രീയും (യോഹ. 4) അങ്ങനെ തന്നെ. വടക്കേ ആഫ്രിക്കയിലെ കിറേനയിൽ നിന്ന്, ഒരായുസ്സിന്റെ സ്വപ്ന സാക്ഷാത്ക്കാരത്തിനായി ജറുസലേം ദേവാലയത്തിൽ പെസഹാത്തിരുനാളിനു വന്ന ശിമയോന്റെ തോളിലാണ് യഹൂദർ യേശുവിന്റെ കുരിശു വച്ചു കൊടുത്തത് (മത്തായി 27:32) അദ്ദേഹവും യാദൃശ്ചികമായിത്തന്നെ ദൈവരാജ്യമെന്ന നിധി കണ്ടെത്തുന്നു. എന്നാൽ ഹിപ്പോയിലെ വി. അഗസ്റ്റിന്റെ കഥ മറ്റൊന്നാണ്. നെടുനാളത്തെ വേദനാപൂർണ്ണമായ അന്വേഷണത്തിന്റെ ഫലമായിട്ടാണ് അദ്ദേഹം ദൈവരാജ്യം കണ്ടെത്തുന്നത് അതുപോലെ മറ്റു പലരും. ചിലർ ദൈവത്തെ അന്വേഷിച്ചുകണ്ടെത്തുമ്പോൾ, ചിലരെ ദൈവം അന്വേഷിച്ചു കണ്ടെത്തുന്നു.

ഉപമയുടെ സന്ദേശം: യാദൃച്ഛികമായാവട്ടെ, തേടിയലഞ്ഞാവട്ടെ, രണ്ടുകൂട്ടർക്കും അനുഭവപ്പെടുന്നത് നിറഞ്ഞ സന്തോഷം തന്നെ. ആദ്യത്തെക്കൂട്ടർക്ക് അത്ഭുതവും കൃതജ്ഞതയും മുറ്റിയ സന്തോഷം, രണ്ടാമത്തെ വിഭാഗത്തിന് ചാരിതാർത്ഥ്യവും ആശ്വാസവും നിറഞ്ഞ സന്തോഷം.

നിധി കണ്ടെത്തിയ മനുഷ്യൻ എന്തു ചെയ്തു? തന്റെ സകല സമ്പാദ്യങ്ങളും വിറ്റ് ആ വയൽ സ്വന്തമാക്കി. അതാണു ശ്രദ്ധേയമായ വസ്തുത. ആ നിധി സ്വന്തമാക്കാൻ മറ്റെന്തും, മറ്റെല്ലാം, ഉപേക്ഷിക്കാൻ അയാൾ സന്നദ്ധനായി. അത്രയ്ക്കാണ്, ആ നിധിയുടെ മൂല്യം. ഇവിടെ നിധിയുടെ ഉപമയിലെ മനുഷ്യൻ ദരിദ്രനാണ്, രത്നവ്യാപാരി ധനികനും. ദരിദ്രർ യാദൃച്ഛികമായും ധനികർ അന്വേഷിച്ചലഞ്ഞുമാണ് ദൈവരാജ്യം കണ്ടെത്തുന്നത് എന്നല്ല ഈ ഉപമകൾ അർത്ഥമാക്കുന്നത്. അതു സ്വന്തമാക്കാൻ അവരെന്തു നഷ്ടപ്പെടുത്തുന്നുവെന്നുമല്ല. ദരിദ്രനോ ധനികനോ ആകട്ടെ, ദൈവരാജ്യം കണ്ടെത്തുന്നവർക്കുണ്ടാകുന്ന ആഹ്ളാദവായ്പും, മറ്റെല്ലാം നഷ്ടപ്പെടുത്തി അതു സ്വന്തമാക്കാൻ അവർക്കുണ്ടാകുന്ന ഉൾപ്രേരണയും വ്യക്തമാക്കുകയാണ്, ഈ ഉപമകൾ. ദൈവരാജ്യത്തിനു മുമ്പിൽ മറ്റെല്ലാത്തിനും വില കെട്ടുപോകുന്നു. അതു സ്വന്തമാക്കാൻ എന്തു വില കൊടുത്താലും അധികമാവുകയില്ല; ഏതു ത്യാഗവും കൂടുതലല്ല എന്ന ബോധമാണ് ദൈവരാജ്യം കണ്ടെത്തുന്ന മനുഷ്യനെ ഭരിക്കുന്നത്, ഭരിക്കേണ്ടത്. എനിക്ക് ലാഭമായിരുന്ന ഇവയെല്ലാം ക്രിസ്തുവിനെ പ്രതി നഷ്ടമായി ഞാൻ കണക്കാക്കി. ഇവ മാത്രമല്ല, എന്റെ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ, സർവ്വവും നഷ്ടമായി തന്നെ ഞാൻ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയുമാണ്. ഇതു ക്രിസ്തുവിനെ നേടുന്നതിനും അവനോടുകൂടി ഒന്നായി കാണപ്പെടുന്നതിനും വേണ്ടിയത്രേ. (ഫിലിപ്പി. 3: 7-9) എന്നു വി. പൗലോസ് പറയുന്നതു ശ്രദ്ധിക്കുക. മത്സ്യം പടിച്ചുകൊണ്ടിരുന്ന പത്രോസിനോടും അന്ത്രയോസിനോടും തന്നെ അനുഗമിക്കുക എന്ന് യേശു പറഞ്ഞപ്പോൾ, തൽക്ഷണം അവർ വലകളുപേക്ഷിച്ച് അവനെ അനുഗമിച്ചു (മത്തായി 4:20) എന്ന തിരുവചനം അവതരിപ്പിക്കുന്ന ആശയവും ഇതുതന്നെ.

മറിച്ചുള്ള അനുഭവമുണ്ട്, സുവിശേഷത്തിൽ. നിത്യജീവൻ പ്രാപിക്കാൻ എന്തു ചെയ്യണമെന്നു ചോദിച്ച യുവാവിനോട് ഉള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക (മത്തായി.19:16-22) എന്ന് യേശു പറഞ്ഞു. കണ്ടെത്തിയ അമൂല്യനിധിക്കു വേണ്ടി യാതൊന്നും നഷ്ടപ്പെടുത്തുവാൻ സന്നദ്ധതയില്ലാഞ്ഞു കൊണ്ട് ആ യുവാവ് സങ്കടത്തോടെ തിരിച്ചു പോയി കാരണം അയാൾക്കു വളരെയേറെ സമ്പത്തുണ്ടായിരുന്നു. നിധി തേടി നടന്നവരാണ്, യഹൂദജനത. അവരതു കണ്ടെത്തുകയും ചെയ്തു . യേശുവാകുന്ന ആ നിധി സ്വന്തമാക്കാൻ വേണ്ടി യാതൊന്നും നഷ്ടപ്പെടുത്താൻ അവർ സന്നദ്ധരായിരുന്നില്ല എന്നു ചരിത്രത്തിൽ നിന്ന് നാമറിയുന്നു. തന്നെ സ്വന്തമാക്കമെങ്കിൽ കുരിശേടുത്ത് ചെല്ലണമെന്നും(മത്തായി 16:24) ജീവനിലേക്കു പ്രവേശിക്കണമെങ്കിൽ ചിലതെല്ലാം നഷ്ടപ്പെടുത്തണമെന്നുള്ള (മർക്കോസ് 9:42-50) അവിടുത്തെ ഉപദേശം ഇവിടെ ഓർക്കുമല്ലോ.

അഴിഞ്ഞുപോകുന്ന സമ്പത്തിനു വേണ്ടി, മറ്റെല്ലാം നഷ്ടപ്പെടുത്താൻ ഉപമയിലെ മനുഷ്യൻ സന്നദ്ധനായെങ്കിൽ അഴിഞ്ഞുപോകാത്ത ശാശ്വത സമ്പത്ത് സ്വന്തമാക്കാൻ എന്തുതന്നെ ത്യജിക്കാനും നമ്മൾ സന്നദ്ധരാകേണ്ടതല്ലേ എന്നാണ് ഈ ഉപമയിലൂടെ യേശു നമ്മോട് ചോദിക്കുന്നത്.

# കഥയും കാര്യവും





അജീഷ് വർഗ്ഗീസ്

നാസി തടങ്കൽ പാളയത്തിൽ അടയ്ക്കപ്പെട്ട ഒരു യഹൂദഡോക്ടറുടെ ജീവിതാനുഭവമാണ് ഈ കഥ. മരിക്കുന്നതുവരെ ക്യാമ്പിൽ കിടക്കേണ്ടി വരുമെന്നറിഞ്ഞ അയാൾ ചെറുപ്പകാലത്ത് പഠിച്ച ഒരു സങ്കീർത്തന ഭാഗം രാവും പകലും ഉരുവിടാൻ തുടങ്ങി. ശൗലിൽ നിന്ന് രക്ഷപെടാൻ ഓടി നടന്ന ദാവീദിന്റെ പ്രാർത്ഥനയായിരുന്നു അത്. കൂരിരുൾ താഴ്‌വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോട് കൂടെ ഇരിക്കുന്നുവല്ലോ എന്ന 23-ാം സങ്കീർത്തനത്തിലെ ഒരു ഭാഗം. കടുത്ത സുരക്ഷയുള്ള ക്യാംബിൽ നിന്നുള്ള രക്ഷപെടൽ എളുപ്പമല്ലന്ന് അറിഞ്ഞ് കൊണ്ട് തന്നെയാണ് ദൈവത്തെ മുറുകെപ്പിടിക്കാൻ തീരുമാനിച്ചത്. രാത്രിയുടെ യാമങ്ങളിൽ ഇടുങ്ങിയ മുറിയിൽ മുട്ടിന്മേൽ നിന്ന് അദ്ദേഹം കണ്ണുനീരോടെ നിലവിളിച്ചു. ഭാര്യയേയും മക്കളേയും കാണുവാൻ സാധിക്കുന്നതിനായി ഏറെ കൊതിച്ചു.

എന്തേ ദൈവമേ വൈകുന്നു? ദിവസങ്ങളും മാസങ്ങളും കടന്നു പോയി. യാതൊരു പ്രതീക്ഷയുമില്ലാത്ത രാവുകൾ.

കൽക്കരി കമ്പനിയിൽ ജോലിക്കായി നിയോഗിക്കപ്പെട്ട അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിച്ചു തുടങ്ങി. അവസാനം അദ്ദേഹം തിരിച്ചറിഞ്ഞു.അടുത്തു തന്നെ തന്നെയും എരിഞ്ഞു തീരാനായി ചേംബറിലേക്കയക്കും ഒരു ദിവസം രാത്രിയിൽ അദ്ദേഹം ദൈവത്തോട് പരാതി പറഞ്ഞു.എന്തേ ദൈവമേ നി വൈകുന്നു എന്റെ ഹൃദയം തകരുന്നു. പ്രതീക്ഷകളും അസ്തമിക്കുന്നു. മാസങ്ങളോളം പ്രാർത്ഥിച്ച എനിക്കും മരണം തന്നെ അല്ലേ. ഉറക്കെ അയാൾ പൊട്ടിക്കരഞ്ഞു.

അടുത്ത ദിവസം കൽക്കരി കമ്പനിയിൽ ജോലിക്കായി ഈ ഡോക്ടറെയടക്കം നൂറ് പേർ കൊണ്ടുപോകുകയാണ്. എണ്ണമെടുക്കുന്ന പട്ടാളക്കാരൻ ഒന്ന് രണ്ട്, മൂന്ന് എന്നണ്ണി തടവുകാരനെ വാഹനത്തിൽ കയറ്റുന്നു. 77 -ാമത്തെ നമ്പർ ഡോക്ടറുടേതാണ് ഡോക്ടർ വാഹനത്തിൽ കയറിയപ്പോൾ പെട്ടന്ന് എണ്ണമെടുത്തിരുന്ന പട്ടാളക്കാരന്റെ പേന താഴെ വീണു. അതെടുക്കാൻ കുനിഞ്ഞ ശേഷം നിവർന്നപ്പോൾ അയാൾ വിണ്ടുമെണ്ണി. 77 രണ്ടു പ്രാവശ്യം എണ്ണി.തിനാൽ വാഹനത്തിൽ 101 പേരുണ്ട് അക്കാര്യം മറ്റാരും ശ്രദ്ധിച്ചതുമില്ല.

അന്നു വൈകിട്ട് ജോലി കഴിഞ്ഞ് മടങ്ങാൻ തുടങ്ങവേ അവിടെയും എണ്ണമെടുക്കുകയാണ്. ആ സമയത്ത് ഡോക്ടർ കൽക്കരി നിറച്ച ഒരു ട്രക്കിന്റെ പിന്നിലൊളിച്ചിരുന്നു. 100 പേരെയുമായി നയിലിലേക്കുള്ള വാഹനം മടങ്ങുകയും ചെയ്തു. പിന്നീട് കൽക്കരികളിൽ ഒളിച്ചിരുന്നു അദ്ദേഹം അത് കയറ്റുമതി ചെയ്യുന്ന രാജ്യത്തെത്തി ശേഷം തന്റെ നാട്ടിലേക്കും. വർഷങ്ങൾ കഴിഞ്ഞ് ഈ സംഭവം ഒരു പുസ്തകത്തിലെഴുതുമ്പോൾ ആ യഹൂദീ ഡോക്ടർ പറയുന്നു, ദൈവത്തിന് നമ്മുടെ ജീവിതത്തിലിടപെടാൻ സെക്കന്റിന്റെ നൂറിലൊരു അംശം മതി എന്ന് അന്നെനിക്ക് മനസിലായി വ്യത്യസ്ഥമായ വഴികളും രീതികളും അവിടത്തേക്കാണ്. നമ്മുടെ ബുദ്ധിക്കും, ഭവനയ്ക്കും ചിലപ്പോൾ പോലും കഴിയാത്തവ ദൈവം ഒരിക്കലും വൈകുന്നില്ല നേരത്തെ വരുന്നതുമില്ല.

## 70 - മില്യൺ ബധിരർ, സുവിശേഷം കേട്ടവർ 2%


800 മില്യൺ വരുന്ന ആഗോള ജനസംഖ്യയിൽ 70 മില്യൺ പേരും മൂഖരും ബധിരരുമാണ്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഇതേപോലുള്ള സമൂഹത്തിലേക്ക് ഇറങ്ങി ചെന്ന് സുവിശേഷം അറിയിക്കുക എന്നത് ക്രൈസ്തവ സഭടുടേയും, സംഘടനകളുടെയും പൊതു അജണ്ടയിൽ ഇല്ലാത്താതാണ്. മുഖ്യധാരാ സഭകളും ഒക്കെ തന്നെ പൊതു സമൂഹത്തെ മാത്രം മുന്നിൽ കണ്ട് സുവിശേഷം അറിയിക്കുമ്പോൾ, പാർശ്വവത്ക്കരിക്കപ്പെട്ട ഇതേ പോലുള്ള സമൂഹത്തെ കുറിച്ചുള്ള ഉത്തരവാദിത്വം നാം ഏറ്റെടുക്കാതെ പോകുന്നു എന്നത് യാഥാർത്ഥ്യമാണ്. അമേരിക്കയിലും, പശ്ചാത്യ രാജ്യങ്ങളിലും ഇവരുടെ ഇടയിൽ മാത്രം പ്രവർത്തിക്കുന്ന സംഘടനകൾ നിലവിലുണ്ട്. ഡെഫ് ബൈബിൾ സൊസൈറ്റി ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്. വൈകല്യമില്ലാത്ത വിശ്വാസികൾ ദാവീദിനെ കുറിച്ചും മോശയെ കുറിച്ചുമൊക്കെ കേൾക്കുകയും പറയുകയും ചെയ്യുമ്പോൾ, ഇവർക്ക് ഇതിനൊന്നും സാധിക്കുന്നില്ല എന്നത് നാം മന:സിലാക്കണം ഇവരിലേക്ക് സുവിശേഷം എത്തിക്കാൻ പൊതു സമൂഹം ഉണരേണ്ടതാണ്.

## പാസ്റ്ററുടെ മകൾക്ക് ജോലി നഷ്ടപ്പെട്ടു

ജോർജിയ: വസ്ത്രധാരണത്തിന്റെ പേരിൽ പാസ്റ്ററുടെ മകൾക്ക് ജോലി നഷ്ടപ്പെട്ടു. വസ്ത്രധാരണത്തിന്റെ പേരിലാണെന്നുള്ളതാണ് ഇതിൽ ഏറെ കൗതുകമുളവാക്കുന്നത്. യോഗ്യമായ വസ്ത്രധാരണത്തിന്റെ പേരിൽ യുണൈറ്റഡ് പെന്റക്കോസ്റ്റൽ ചർച്ച് ഉൾപ്പെടെ, ഇതര സഭാ വിഭാഗങ്ങളും, തങ്ങളുടെ സ്ത്രീകൾ ജീൻസ് പോലുള്ള വസ്ത്രങ്ങൾ ഇടാൻ അനുവദിക്കാറില്ല. സാം വറ്റ്ക്കിൻസ്, കാർല വറ്റ്ക്കിൻസ് എന്നീ ദമ്പതികളുടെ മകളാണ് കയറ്റേയ വറ്റ്ക്കിൻസ് ആർക്ക് എയ്ഞ്ചൽ ഹീലിംഗ് ടെംബിൾ ചർച്ചിൽപ്പെട്ടവരാണ്. ഇവർ കയറ്റേയ വറ്റ്ക്കിൻസ് ജോർജിയായിലെ ഒരു റെസ്റ്റോറന്റിൽ സേർവറായി ജോലിയിൽ പ്രവേശിച്ചു. റെസ്റ്റോറന്റിന്റെ ഡ്രസ് കോഡ് അനുസരിച്ച് കയറ്റേയയോട് ജീൻസ് ധരിക്കുവാൻ ആവശ്യപ്പെട്ടു. കയറ്റേയ ഇത് തന്റെ മതവിശ്വാസത്തിനെതിരാണന്ന് പറഞ്ഞ്, ജീൻസ് ധരിച്ചില്ല. ഇത്ര തുടർന്ന് കയറ്റേയയേ ജോലിയിൽ നിന്നും പുറത്താക്കി.

എന്നാൽ രാജ്യത്തെ ഭരണ ഘടന അനുവദിക്കുന്ന വ്യക്തി സ്വാതന്ത്ര്യത്തിന് വിപരീതമാണ്, റസ്റ്റോറന്റ് തന്നെ പുറത്താക്കിയതെന്ന് ആരോപിച്ച് പെൺകുട്ടി കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

ഇത് താൻ വിശ്വസിക്കുന്ന ദൈവവചനത്തെ ലംഘിക്കാൻ പ്രേരിപ്പിക്കുന്നതാണെന്നും, എന്തു വിലകൊടുത്തും വചന സത്യങ്ങൾക്കായി നിലകൊള്ളുമെന്നും പെൺകുട്ടിയും, രക്ഷിതാക്കളും സഭാ വിശ്വാസികളും അറിയിച്ചു.



മാർ ക്രിസോസ്റ്റം ചിരിപ്പിക്കുന്നു....!
...നാം ചിരിക്കുന്നു!

### സഭ പിരിക്കുന്നു; മനുഷ്യർ പിരിയുന്നു

ഒരിക്കൽ ഒരു ചെപ്പടി വിദ്യക്കാരൻ ഒരു ഉണങ്ങിയ നാരങ്ങാ എടുത്ത് പിഴിഞ്ഞു കാണിച്ചു. ഒരു ഗ്ലാസ് നിറയെ നാരങ്ങ നീര്. കണ്ടു നിന്ന ജനം സ്തബ്ധരായിപ്പോയി! ഉണങ്ങിയ നാരങ്ങായിൽ നിന്നും എത്രമാത്രം നീരാണ് ആ വിദ്വാൻ പിഴിഞ്ഞെടുത്തത്! ചെപ്പടി വിദ്യക്കാരൻ ഗമയിൽ വാചകം അടിച്ചു തകർക്കുകയാണ്, ഈ പരിപാടി ആർക്കെങ്കിലും കാണിക്കാമോ? അയാൾ വീമ്പിളക്കി.

ഒരു സാധാരണ മനുഷ്യൻ സ്റ്റേജിലേക്ക് നടന്നു കയറി, ഞാൻ കാണിക്കാം. ഞാനോ? ഞാൻ മാർത്തോമ്മാ സഭയുടെ സുവിശേഷ പ്രസംഗ സംഘത്തിലെ ഒരു പാവപ്പെട്ട ഉപദേശിയാ... പിരിവാണ് എന്റെ ജോലി... നമ്മുടെ വിദഗ്ദ്ധരായ അച്ചൻമാരും തിരുമേനിമാരുമാണ് എന്നെ ഈ പിഴിച്ചിൽ വിദ്യ പഠിപ്പിച്ചത്! മാർത്തോമ്മാ സഭ അതിന്റെ ഏറ്റവും ദുർഘടമായ ഘട്ടങ്ങളിലൂടെ കടന്നു പോകുമ്പോൾപോലും സുവിശേഷ പ്രസംഗസംഘം അവർക്ക് ആവശ്യമുള്ള പണം സഭാ ജനങ്ങളിൽ നിന്ന് പിരിച്ചെടുക്കാറുണ്ട്. നല്ലവരായ സഭാസ്നേഹികൾ എത്ര ഞെരുങ്ങിയാലും സഭയ്ക്കും സംഘത്തിനും കൈയഴിച്ച് സംഭാവനകൾ നൽകും. ഇത് ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയെ ഏറെ വികാരഭരിതനാക്കിയിട്ടുണ്ട്.





# പ്രസംഗനോട്ടുകളുടെ ഉപയോഗം

ജോബിൻ വർഗ്ഗീസ്
ജെബൽപൂർ

പ്രസംഗ പീഠത്തിനരികിലേക്ക് പോകുമ്പോൾ കൈയിൽ ഒരു പ്രസംഗനോട്ട് കൂടിയുണ്ടെങ്കിൽ കൂടുതൽ ആത്മവിശ്വാസത്തോടു കൂടി സംസാരിക്കാമെന്ന് പലരും കരുതുന്നു. എങ്ങനെയായിരിക്കണം പ്രസംഗനോട്ട് തയ്യാറാക്കേണ്ടത്? നോട്ട് എങ്ങനെ പ്രസംഗത്തിൽ ഉപയോഗിക്കാം? നിങ്ങൾ പ്രസംഗം നടത്തുമ്പോൾ പ്രസംഗം പൂർണ്ണമായി എഴുതിയ ഒരു നോട്ടാണ് ഉപയോഗിക്കുന്നതെങ്കിൽ അത് പ്രസംഗത്തിൽ ഒരു തടസമായി തീരുകയോ സദസ്സുമായി സമ്പർക്കത്തിൽ വരുന്നതിൽ നിന്ന് നിങ്ങളെ തടയുകയോ ചെയ്തേക്കാം. അത്തരം പ്രസംഗങ്ങൾക്ക് ആളുകളുടെ ഹൃദയത്തിലേക്ക് ഇറങ്ങി ചെല്ലാനുള്ള സാധ്യത തീരെ ഇല്ല.

നോട്ടിൽ കൂടെക്കൂടെ ആശ്രയിക്കുമ്പോൾ നിങ്ങളുടെ സ്വരത്തിനു വ്യത്യാസം വരികയും സംഭാഷണ ശൈലിയിൽ നിന്ന് മാറി കേവല വായനയായി നിങ്ങളുടെ പ്രസംഗം താഴുകയും ചെയ്യും. സദസ്യർ പലരും പ്രസംഗത്തിന് ശ്രദ്ധകൊടുക്കാതെ ഇരിക്കുകയും ചെയ്യും. എന്നാൽ ശുഭാപ്തി വിശ്വാസത്തോടെ പ്രസംഗിക്കാൻ നിങ്ങളെ പ്രാപ്തമാക്കാൻ ഒരു പ്രസംഗ ബാഹ്യരേഖയ്ക്ക് കഴിയും. എങ്ങനെ ഒരു ബാഹ്യരേഖ തയ്യാറാക്കണം.

ഒരു ബാഹ്യരേഖ നിങ്ങളെ പ്രസംഗം നടത്തുമ്പോൾ പ്രധാന ആശയങ്ങൾ ഓർമ്മയിലേക്ക് കൊണ്ടുവരാൻ മാത്രം സഹായിക്കുന്ന ഒന്നായിരിക്കണം. നിങ്ങൾ തയ്യാറാക്കിയ മുഖവുര നിങ്ങളുടെ ഓർമ്മയിലേക്കു വരുത്താൻ മുഖവുരയുടെ ആദ്യ വാചകമോ ഏതാനും ചില വചനങ്ങളോ മാത്രം എഴുതുക. വാചകത്തിന്റെ ആദ്യവാക്കുകൾ കാണുമ്പോൾ തന്നെ ശേഷിക്കുന്ന ആശയങ്ങൾ നിങ്ങളുടെ ഓർമ്മയിലേക്ക് താനെ വന്നു കൊള്ളും. അതു പോലെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ആശയങ്ങൾക്ക് നമ്പറിടുക. അനുക്രമമായി അതിലെ ആശയങ്ങൾ ഓർമ്മയിലേക്ക് നയിക്കാൻ സഹായിക്കുന്ന വാചകങ്ങൾ മാത്രം കുറിച്ചിടുക. നിങ്ങൾ ഉപയോഗിക്കാൻ പോകുന്ന ആശയങ്ങളിൽ മുഖ്യ പോയിന്റുകൾ വലിപ്പം കൂട്ടി എഴുതുകയോ മറ്റൊരു നിറമുള്ള പേനകൊണ്ട് എഴുതുകയോ അടിവരയിടുകയോ ചെയ്യുക. അങ്ങനെ ചെയ്യുമ്പോൾ ആശയങ്ങൾ പെട്ടെന്ന് ഓർമ്മയിലേക്ക് കൊണ്ടുവരാനും നന്നായി അവരിപ്പിക്കാനും നിങ്ങൾക്കാകും.പ്രസംഗത്തിനിടയിൽ നോട്ടിൽ ശ്രദ്ധിക്കുമ്പോൾ സദസ്സുമായുള്ള സമ്പർക്കം നഷ്ട്ടപ്പെടാതെ സൂക്ഷിക്കണം.

നല്ല പരിശീലനം കൊണ്ട് നമുക്കത് സാധിക്കും. ക്രമേണ നോട്ടില്ലാതെ ദീർഘനേരം സംസാരിക്കാനുള്ള പ്രാവീണ്യം നിങ്ങൾ നേടിയെടുക്കും. നിങ്ങൾ നോട്ടോ ബാഹ്യരേഖയോ ഉപയോഗിക്കാതെ പ്രസംഗിക്കാനുള്ള കഴിവ് നേടിയെടുത്താലും പ്രസംഗം തയ്യാറാക്കുമ്പോൾ അത് പൂർണ്ണമായും എഴുതിത്തന്നെ തയ്യാറാക്കുന്നതാണ് നല്ലത്. നന്നായി തയ്യാറാക്കിയ ശേഷം ഒരു ബാഹ്യരേഖയുടെ സഹായത്തോടെയോ അല്ലാതെയോ നിങ്ങൾക്ക് പ്രസംഗങ്ങൾ നടത്താൻ കഴിയും. വളരെ ചെറുതാണെങ്കിലും ഒരു ബാഹ്യരേഖ ഉണ്ടായിരിക്കുന്നതാണ് നല്ലത്. സമൂഹത്തിലെ ഉന്നതരായ പല വ്യക്തികളും രാഷ്ട്രീയ സാംസ്കാരിക മണ്ഡലത്തിലെ പ്രമുഖരും മത ശ്രേഷ്ഠൻമാരും പലപ്പോഴും പ്രസംഗനോട്ടുകൾ കൂടാതെയാണ് ഒരു പക്ഷേ മണിക്കൂറുകളോളം പ്രസംഗിക്കുന്നത്. അവരെ സംബന്ധിച്ച് അത്തരം വിഷയങ്ങളെ കുറിച്ച് അഗാതമായ പാണ്ഡിത്യം ഉള്ളവരാണ്. അവർക്ക് ഒരു പക്ഷേ ഒരു ലിഖിത ബാഹ്യരേഖയുടെ ആവശ്യം ഇല്ലായിരിക്കാം. എന്നാൽ അവർക്കൊരു ബാഹ്യരേഖ ഇല്ലെന്ന് ഇതിന് അർത്ഥമില്ല. അവരിൽ പലരും പ്രസംഗ വേദിയിൽ എത്തുന്നതിനു മുമ്പ് താൻ എന്താണ് പ്രസംഗിക്കാൻ പോകുന്നത് എന്നതിനെ സംബന്ധിച്ച് നന്നായി ചിന്തിക്കുകയും താൻ ആ വിഷയത്തെകുറിച്ച് പഠിച്ചിട്ടുള്ള കാര്യങ്ങൾ ഓർമ്മയിലേക്ക് കൊണ്ടുവരികയും ചില തീയതികളോ കണക്കുകളോ, കാണാതെ പഠിക്കുകയും ഒക്കെ ചെയ്തിട്ടുണ്ടായിരിക്കാം. തന്റെ പ്രസംഗത്തെക്കുറിച്ച് ഒരു ബാഹ്യരേഖ അവർ ഹൃദയത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസംഗപീഠത്തിലെത്തിക്കഴിഞ്ഞ് അത് അതുപടി നിർവ്വഹിക്കും എന്ന് വിചാരിക്കരുത്.സാഹചര്യങ്ങൾക്കും സന്ദർഭങ്ങൾക്കും അനുസരിച്ച് വിഷയത്തിലും അവതരണത്തിലും ശൈലിയിലും മാറ്റം വരുത്താൻ പ്രാവീണ്യം നേടിയവരാണ് അവർ. എന്നാൽ തികച്ചും തുടക്കക്കാരായവർ ഒരു ചെറിയ കുറിപ്പ് കൈയ്യിൽ കരുതുന്നത് നല്ലതാണ്.



ഫെബിൻ തോമസ്

## മുഷിപ്പു തോന്നുമ്പോൾ

ജീവിതത്തിൽ ആനന്ദം നശിപ്പിക്കുന്ന ഒരവസ്ഥാവിശേഷമാണ് മുഷിപ്പുതോന്നൽ, അല്ലങ്കിൽ അരസികത. മുഷിഞ്ഞിരിക്കുമ്പോൾ സമയം ഇഴഞ്ഞുനീങ്ങുന്നതായി അനുഭവപ്പെടും അപ്പോൾ നിരാശയും ജീവിതത്തോട് വെറുപ്പും ഉണ്ടാകുന്നു. ചിന്താശക്തി ദുർബ്ബലപ്പെടുന്നു.

തലച്ചോറിന്റെ ഗ്രാഹ്യശക്തി ക്ഷയിക്കുന്നു. വിവേകപൂർവ്വം വസ്തുക്കൾ മനസ്സിലാക്കാനും തീരുമാനങ്ങളെടുക്കാനും കഴിയാതെ വരുന്നു. കൂടുതൽ സമയം മുഷിഞ്ഞിരിക്കുന്നവർക്ക് നാഡീ സംബന്ധമായ തകരാറുകളുണ്ടാകുമെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്.

ഈ അരസികതാവസ്ഥ അപകടകരമാണ്. മുഷിപ്പിനു വിധേയരായവരിൽ ചിലർ ആത്മഹത്യ ചെയ്യുന്നു. മറ്റുചിലർ മദ്യപാനത്തിലും മയക്കുമരുന്നിലും മറ്റു സുഖഭോഗങ്ങളിലും ഏർപ്പെടുന്നു.

എന്നാൽ മുഷിപ്പുതോന്നലിണ്ടാകാനുള്ള യഥാർത്ഥ കാരണമെന്താണ്? ഒരു പ്രവൃത്തിയിൽ വിശ്രമമില്ലാതെ, താല്പര്യമില്ലാതെ, ലക്ഷ്യബോധമില്ലാതെ വ്യാപൃതനാകുമ്പോൾ ഒരുവന് ബോറടി തോന്നും. അതേ ജോലിയുടെ ആവർത്തനവും വിരസത സൃഷ്ടിക്കുന്നു. മാനസിക ക്ലേശങ്ങളുള്ള ഒരുവന് ഒരിയ്ക്കലും ജോലി ഭംഗിയായി ചെയ്യാൻ കഴിയില്ല. അവൻ അരസികതയിൽ നിപതിക്കും.

ഈ മുഷിപ്പെന്ന ദുരവസ്ഥയിൽ നിന്നും മോചനമുണ്ടാകാൻ രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഒന്നാമതായി, ഉല്ലാസത്തിനും വിനോദത്തിനുമെക്കെയായി കുറച്ചു സമയം നമ്മുടെ ദിനചര്യയിലുണ്ടായിരിക്കണം. രണ്ടാമതായി, നമ്മുടെ ഏതൊരു പ്രവൃത്തിക്കും ലക്ഷ്യബോധമുണ്ടായിരിക്കണം.

## ബൈബിൾ കൈകൊണ്ടെഴുതി

ഷാർജ: ഷാർജ മാർത്തോമ ഇടവകയുടെ 40–ാം വാർഷികത്തിന്റെ ഭാഗമായി, ഇടവകയുടെ പാരിഷ് മിഷന്റെ ആഭിമുഖ്യത്തിൽ നടന്ന ബൈബിൾ കൈകൊണ്ട് മലയാളത്തിൽ പകർത്തി എഴുതുന്ന പരിപാടിയിൽ 650 പേരോളം പങ്കെടുത്തു. 2400 ഓളം അംഗങ്ങളുള്ള ഇടവകയിലെ 650 പരാണ് ഈ ഉദ്യമത്തിൽ പങ്കാളികളായത്. പ്രവാസജീവിതത്തിൽ ദൈവം നടത്തിയ വിധങ്ങളെ ഓർക്കുന്നതിനും ദൈവത്തിന് നന്ദിയർപ്പിക്കുന്നതിനുമാണ് ഇങ്ങനെ ഒരു സംരംഭം ഒരുക്കിയതെന്ന്, പ്രധാന സംഘാടകൻ കൂടിയായ ഫാദർ ജോൺ ഫിലിപ്പ് അറിയിച്ചു. വർഷങ്ങളായി ഷാർജയിൽ താമസിക്കുന്ന മുതിർന്നവരോ, ഷാർജയിൽ തന്നെ തന്നെ ജനിച്ച് വളർന്നവരുമായ കുട്ടികളും മലയാള ബൈബിൾ പകർത്തിയെഴുത്തിൽ പങ്കെടുത്തു. ഇത് മാതൃ ഭാഷയോടും ജനിച്ച നാടിനോടുമുള്ള നന്ദിയർപ്പണം കൂടിയാണ്.

ബൈബിൾ എഴുത്തുകാർ തങ്ങളുടെ എഴുത്തുകളിൽ നൽകിയ താൽപ്പര്യവും പരിശ്രമവും അറിയിക്കുന്നതിനും ഈ എഴുത്ത് കാരണമായി. 650– പേരും ബൈബിളിന്റെ വിവിധ പുസ്തകങ്ങളിലെ വിവിധ അദ്ധ്യായങ്ങൾ തിരഞ്ഞെടുക്കുകയും, അവർക്കൊപ്പം സഹായിക്കാനായി കുടുംബാംഗങ്ങൾ കൂടെ പങ്ക്ചേർന്നാണ്, കേവലം 14 മണിക്കൂറ് കൊണ്ട് ബൈബിൾ മുഴുവനും കൊണ്ടാണ് എഴുതി തീർത്തത്.

## ക്രിസ്ത്യാനിത്വം ഏറ്റുപറഞ്ഞു നടൻ വിജയ്

ചെന്നൈ: തമിഴ് സിനിമയിലെ ഇതിഹാസ നടനും, ഇളയദളപതി എന്ന മറുപേരിൽ അറിയപ്പെടുന്നതുമായ നടൻ വിജയ് വളരെ വിവാദത്തിൽപ്പെട്ടിരിക്കുകയാണ്. മെർസിലിൻ എന്ന സിനിമയിൽ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങളെ വിമർശിച്ചതും ഗ്രാമങ്ങളിൽ അമ്പലങ്ങളല്ല സ്കൂളുകളാണ് ഉയരേണ്ടതെന്ന പ്രസ്താവനയുമാണ് പുതിയ വിവാദങ്ങൾക്കിടയൊരുക്കിയത്. ഈ വിവാദത്തിന് ശേഷമാണ് താൻ ഒരു ക്രിസ്ത്യാനിയാണെന്നുള്ള വിവരം പൊതുജനം അറിഞ്ഞത്. വിജയ് എന്ന നടൻ ഞാൻ ക്രിസ്ത്യാനിയാണെന്നും, എന്റെ മുഴുപേര് ജോസഫ് വിജയ് തന്നെയാണെന്നും പ്രഖ്യാപിച്ചു. കഴിഞ്ഞ കുറേ വർഷങ്ങളായി പല പ്രമുഖ സിനിമാക്കാരും ക്രിസ്തുവിശ്വാസത്തിലേക്ക് എന്ന വാർത്തകൾക്ക് വളരെ പ്രാധാന്യം ലഭിച്ചിരുന്നു. ഇന്ന് പൊതുരംഗത്ത് പ്രവർത്തിക്കുന്ന പലരും ഞങ്ങൾ ക്രൈസ്തവർ ആണെന്ന് പ്രഖ്യാപിക്കാൻ അമ്മാന്തിച്ച് നിൽക്കുമ്പോൾ നടൻ വിജയിയുടെ ഈ ധീരത നമുക്ക് മാതൃകയാവേണ്ടതാണ്.

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 2356706, +91 9981571723

For private circulation only

# റഷ്യ ഉരുക്ക് മനുഷ്യ കവചം നിർമ്മിക്കുന്നു



റഷ്യ: യുദ്ധ ഭൂമിയിൽ ഉപയോഗിക്കേണ്ടതായി റഷ്യ ഉരുക്ക് നിർമ്മിത മനുഷ്യ കവചം നിർമ്മിക്കുവാൻ തീരുമാനിച്ചു. റഷ്യൻ സ്റ്റേറ്റ് ന്യൂസ് ഏജൻസിയായ റ്റാസ്സാ റിപ്പോർട്ട് ചെയ്തതനുസരിച്ച് റഷ്യൻ ഡിഫൻസ് ചീഫ് ജനറൽ ഒലേഗ് സലേയുകോവിനെ ഉദ്ധരിച്ച് 2022–ാമന്നോട് കൂടി ഇത് പുറത്തിറക്കും എന്നാണ് അറിയിച്ചിരിക്കുന്നത്.

എല്ലാ കാലാവസ്ഥയിലും പ്രവർത്തിപ്പിക്കുവാൻ കഴിയുന്നതും, മുൻമ്പിലേക്കും പിറകിലേക്കും, വശങ്ങളിലേക്കും തിരിഞ്ഞ് ജോലിചെയ്യുവാൻ സാധിക്കുന്നതായിരിക്കും. അഞ്ച് തരത്തിലുള്ള ഇന്റർഗ്രേറ്റഡ് സിസ്റ്റവും 59–ഓളം മറ്റ് പ്രത്യേകതകളുള്ളതും ഇന്നുവരെ ആരും അവതരിപ്പിച്ചിട്ടില്ലാത്തതുമായ ഒരു ഉരുക്ക് നിർമ്മാണ കവചമായിരിക്കും ഇതെന്ന് ജനറൽ അറിയിച്ചു. ഈ സ്യൂട്ട് ധരിക്കുന്നവർക്ക് ജീവൻ നപ്പെടാതിരിക്കുന്നതുൾപ്പെടെ എല്ലാവിധ സംരക്ഷണവും ലഭിക്കും.

# കോഫിയും ക്രിസ്തുവും

ചൈന: ചൈനയെ കുറിച്ച് ദ സോൾ വിന്നറിൽ പ്രസിദ്ധീകരിച്ച വാർത്തകളിൽ ബഹുപൂരിപക്ഷവും ക്രൈസ്തവ പീഢനവുമായി ബന്ധപ്പെട്ടുള്ളതായിരുന്നു. എന്നാൽ ഈ ലക്കത്തിൽ വായനക്കാർക്കായ് ഏറെ പുതുമയും, കൗതുകവും നിറഞ്ഞതായ ഒരു ക്രിസ്തീയ വാർത്തയാണ് പങ്ക് വയ്ക്കുന്നത്. ചില വർഷങ്ങൾക്ക് മുമ്പാണ് മഞ്ഞനിറത്തിലുള്ള സൈക്കിൾ ഗതാഗത ആവശ്യത്തിനായി ചൈനയിൽ അവതരിപ്പിച്ചത്.

ആദ്യം സൈക്കിളും, അതിന്റെ മഞ്ഞ നിറവും പൊതുജനങ്ങൾക്ക് അംഗീകരിക്കാൻ പ്രയാസമേറിയതായിരുന്നു. കാലക്രമേണ ജനം മഞ്ഞ സൈക്കിൾ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റി. ഈ മഞ്ഞ സൈക്കിൾ നിരകൾക്കിടയിൽ ഒരിക്കൽ രൂപത്തിലും, കളറിലും വ്യത്യസ്ഥമായ ഒരു സൈക്കിൾ ചൈനയിലെ ബീജിംജിന്റെ നിരത്തുകളിൽ ആളുകൾ ശ്രദ്ധിക്കുവാൻ തുടങ്ങി. അത് വെയിഹാൻ യേ എന്ന ഒരു യൗവ്വനക്കാരന്റേയിരുന്നു. സൈക്കിളിൽ ആയിരുന്നു വെയി ചായ വിറ്റ് ഉപജീവനം ചെയ്തിരുന്നത്. തുശ്ചമായ വരുമാനമായിരുന്നു വെയിക്ക് ലഭിച്ചിരുന്നത്. ദിവസത്തിന്റെ ഭൂരിപക്ഷ സമയത്തും വെയി നിരത്തിലായിരുന്നു. വെയിയുടെ ഭാര്യ ഇതേപ്രതി ഏറെ നിരാശയിലായിരുന്നു.

വെയിക്ക് ഭാര്യയോടും കുഞ്ഞിനോടും, കുടുംബ ജീവിതത്തോടുംതാൽപ്പര്യമില്ലാത്തതായിരിക്കാം എന്ന് അവർ പരാതിപ്പെട്ടു. വിവരം അറിഞ്ഞ വെയി വളരെ നിരാശനായി കഴിയവേ, തന്റെ ഒരു ക്രിസ്ത്യാനിയായ സുഹൃത്തുമായി സങ്കടങ്ങൾ പങ്ക് വെച്ചു. സുഹൃത്ത് വെയിയെ തന്റെ ചർച്ചിലേക്ക് ആനയിച്ചു. തന്റെ ജീവിതത്തിൽ ക്രിസ്തുവിന്റെ കുറവ് ഉണ്ടെന്ന് മനസ്സിലാക്കിയ വെയി, തന്നെ ക്രിസ്തുവിനായി സമർപ്പിച്ചു.

വെയി സൈക്കിളിൽ ചായ വിൽക്കുന്നത് നിർത്തി ഒരു ചെറിയ കടയെടുത്ത്, കോഫി ബിസിനസ്സ് ആരംഭിച്ചു. വ്യത്യസ്ഥമായ രുചിയിലും, ഗുണത്തിലും, മണത്തിലും, കോഫി വിൽക്കാൻ തുടങ്ങി.

കേട്ടറിഞ്ഞ തന്റെ സ്ഥിരം കസ്റ്റമേഴ്സ് കടയിലേക്ക് വന്ന് കോഫി കുടിക്കാൻ തുടങ്ങി. തന്റെ ബിസിനസ്സ് വിവരം പ്രശസ്തിയാർജിച്ചു. എന്താണ് തന്റെ ബിസിനസ്സിലെ ഈ വളർച്ചയുടെ കാരണമെന്ന് ആളുകൾ ചോദിക്കാൻ തുടങ്ങി. അവരോടെല്ലാം വെയി യേശുക്രിസ്തു ആണെന്ന് പറയുവാൻ തുടങ്ങി. കാലക്രമേണ കടയിൽ വരുന്നവരോട് സുവിശേഷം പറയുവാനും, താൽപ്പര്യം ഉള്ളവർക്ക് ബൈബിൾ ക്ലാസ് എടുക്കുവാനും തുടങ്ങി. ഇന്ന് ബെയ്ജിംങിൽ ദിവസവും എറ്റവും കൂടുതൽ സുവിശേഷം അറിയിക്കുന്ന ആളായി വെയി മാറി.

# മനോരോഗിക്ക് സൗഖ്യം പ്രാർത്ഥിച്ചവർ ജയിലിൽ



നേപ്പാൾ: മനോരോഗിയായിരുന്ന സ്ത്രീ പ്രാർത്ഥനയിലൂടെ സൗഖ്യമായി. പ്രാർത്ഥിച്ചവരെ പോലീസ് കള്ളക്കേസിൽ പ്രതിചേർത്തതിനാൽ കോടതി അവരെ 5 വർഷത്തേക്ക് ജയിലിലടക്കാൻ വിധിച്ചു. നേപ്പാളിലാണ് ഈ സംഭവം. നേപ്പാളിലെ സലയാൻ ഡിസ്ട്രിക്കിൽ സേതി പെരിയാർ എന്ന സ്ത്രീ നാളുകളായി മനോരോഗിയായിരുന്നു.ഇവർ വർഷങ്ങളായി തെരുവിൽ അലഞ്ഞ് നടക്കയായിരുന്നു. ഇതറിയാവുന്ന സുവിശേഷ പ്രവർത്തകരായ ലാലി പൂൻ, ബിംകലി ബുധ, ലാൽ പരിയാർ, ഗംഗാ പെരിയാൽ എന്നിവർ ചേർന്ന് നിരന്തരമായി പ്രാർത്ഥിക്കുവാൻ തുടങ്ങി. ഒടുവിൽ 2016 –ൽ അവർക്ക് പൂർണ്ണമായും സൗഖ്യമുണ്ടായി. ഇതിൽ പ്രകോപിതരായവർ പോലീസിൽ പരാതിപ്പെട്ടതിനെ തുടർന്നാണ് ദുർമന്ത്രവാദത്തിനും,അനാചാരങ്ങൾക്കുമെതിരായുള്ള വകുപ്പുകൾ ചാർത്തി പോലീസ് കേസ് ചാർജ്ജ് ചെയ്യുകയും, ഇവരെ 5 വർഷത്തെ കഠിന തടവിനും, 50,000, രൂപ പിഴ അടക്കാനുമായി കോടതി വിധിച്ചത്.. എന്നാൽ ഇവർക്കൊപ്പം ഉണ്ടായിരുന്ന രൂപ താപ്പ എന്നയാളെ കേസ് തെളിയിക്കപ്പെടാത്തതിനാൽ കോടതി 2016 –ൽ തന്നെ വെറുതെ വിട്ടയച്ചിരുന്നു.

# പ്രവചനം നിറവേറുന്നു, നൈൽ നദി വറ്റി വരളും

ഈജിപ്റ്റ്: ലോക പ്രശസ്തമാണ് ഈജിപ്റ്റിലെ നൈൽ നദി. ബൈബിളിലും നൈൽ നദിക്ക് ചരിത്രപരമായ സ്ഥാനം ഉണ്ട്. അന്നും ഇന്നും ഈജിപ്റ്റിന്റെ സംസ്ക്കാരത്തിന്റെയും സമ്പത്ത് ഘടനയുടെയും വ്യവസായത്തിന്റെയും നട്ടെല്ലായി നിലകൊള്ളുന്നത് നൈൽ നദിയാണ്. എന്നാൽ 2017–ൽ ആ നൈൽ നദി ഈജിപ്റ്റിന്റെ ചരിത്രത്തെ ചവറ്റുകൂനയിലേക്ക് വലിച്ചെറിയുന്ന സ്ഥിതിയിലേക്ക് മാറ്റിയിരിക്കുന്നു. നോർത്ത് ആഫ്രിക്കയിൽ നിന്നുമാണ് നൈൽ നദിയുടെ ആരംഭം. ഇത് എത്യോപ്യ കടന്ന് ഈജിപ്റ്റ് വഴിയാണ് താഴോട്ട് ഒഴുകുന്നത് നിലവിൽ എത്യോപ്യൻ ഗവ:മെന്റിന്റെ പുതിയ പ്രോജക്ടിന്റെ ഭാഗമായി നൈൽ നദിക്ക് കുറുകെയായി ഡാം പണിയാൻ തീരുമാനിച്ചിരിക്കുകയാണ്.



ഇത് യാഥാർത്ഥ്യമായാൽ ഈജിപ്റ്റ് മുഴുവനും വറ്റി വരളും. ഇത് യെശയ്യ:19:4–8 വരെയുള്ള ഈജിപ്റ്റിനെ സംബന്ധിച്ച പ്രവചന നിവൃത്തിയാണ്.

# കുർദീസ് ഭാഷയിൽ സമ്പൂർണ്ണ ബൈബിൾ



കുർദിസ്ഥാൻ: 28 വർഷത്തെ തുടർമാനമായ പരിശ്രമത്തിനൊടുവിൽ കുർദീസ് ഭാഷയിൽ അനുകാലിക സമ്പൂർണ്ണ ബൈബിൾ പുറത്തിറങ്ങി. ബിബ്ളിക്ക ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് ശ്രമകരമായ ഈ ദൗത്യം പൂർത്തികരിച്ചതെന്ന് ഹാൻസ് കോംബ്രിംഗ് അറിയിച്ചു. ഇതിനായി സഞ്ചരിച്ച വഴി ഏറെ ദുർഘടം നിറഞ്ഞതായിരുന്നു. പലപ്പോഴും യാത്ര മുടങ്ങി കൂടാതെ എല്ലാ വിധത്തിലുള്ള തടസ്സങ്ങളും ടിമിന്റെ കൂട്ടായ യക്നത്തിന്റെ ഫലമായി ഇരുപത്തിയെട്ടു വർഷത്തിന് ശേഷമാണ് പൂർത്തിയാക്കിയത് ബൈബിൾ പ്രകാശന ചടങ്ങിൽ പങ്കെടുത്തവരിൽ പകുതിയിലധികവും മുസ്ലീങ്ങളായിരുന്നു.